## അടിയന്തരപ്രമേയം

## ആറന്മുള വിമാനത്താവളം

മി. സ്പീക്കർ: ആറന്മുള വിമാനത്താവളത്തിനുവേണ്ടി ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളും തണ്ണീർത്തട സംരക്ഷണ നിയമവും മറികടന്നു കൊണ്ട് കെ.ജി.എസ്. ഗ്രൂപ്പ് ഭൂമി വാങ്ങിക്കൂട്ടുകയും സർക്കാർ എയർപോർട്ട് കമ്പനിയിൽ 10 ശതമാനം ഓഹരി എടുക്കുവാൻ തീരുമാനിച്ചി രിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, രാജു എബ്രഹാം, മാത്യു റ്റി. തോമസ്, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് 10 ശതമാനം ഓഹ രിയെടുത്തിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുള്ളത്. ആറന്മുള വിമാനത്താവളത്തിന് തുടക്കം കുറിച്ചത് ഈ ഗവൺമെന്റല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭം കുറിച്ചത്. അതിനുവേണ്ട നടപടികൾ പലതും സ്വീകരിച്ചത് അന്നത്തെ കൃഷി വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായ മുല്ലക്കര രത്നാകരനടക്കമുള്ള മന്ത്രിസഭയാണ്. കേരളത്തിലുണ്ടാകേണ്ട പുരോഗമന പ്രവർത്തനങ്ങൾ, വ്യാവസായിക പുരോഗതി മുതലായവയ്ക്ക് യാതൊരുവിധ തടസ്സങ്ങളും ചെയ്യണമെന്ന നിലപാട് ഈ ഗവൺമെന്റിനില്ല.

ആറന്മുള വിമാനത്താവളം ആരംഭിക്കുന്നതിനുവേണ്ട നിലപാടുകൾ സ്വീകരിച്ചത് മുൻ ഗവൺമെന്റാണെന്നുള്ളതുകൊണ്ട് ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം അത് വേണ്ടെന്ന് തീരുമാനിച്ചിട്ടില്ല. നല്ല കാര്യങ്ങൾ ആരംഭിക്കണം. ഒരു പ്രദേശത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നല്ല കാര്യങ്ങൾ വരുന്നത് സ്വാഗതാർഹമാണ്. അത് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ എം.എൽ.എ.മാർക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെയെല്ലാം പ്രദേശങ്ങളിൽ വികസനമുണ്ടാകണമെന്ന് നാം ആവശ്യപ്പെടുന്ന കാര്യമാണ്. ആ വികസന പ്രവർത്തനങ്ങൾ ഏതൊക്കെ തരത്തിലായിരിക്കണം, അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണയാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച നടപടികൾക്ക് അംഗീകാരം കൊടുക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോവുകയുമാണ്. നിയമവിരുദ്ധമായി എന്തെങ്കിലും കാര്യങ്ങളുണ്ടോയെന്ന് പരിശോധന നടത്തുന്നതിന് യാതൊരു തെറ്റുമില്ല, പരിശോധന നടത്തില്ല എന്ന് ഞങ്ങൾക്ക് പിടിവാശിയുമില്ല. അക്കാര്യങ്ങൾക്കൊക്കെ വ്യക്തമായ നിലപാടുകൾ സ്വീകരിച്ച്, ആവശ്യമായ പരിശോധന നടത്തി നിയമപരമായി എന്തൊക്കെ കാര്യങ്ങളാണ് എന്നതിനെക്കുറിച്ചൊക്കെ ചർച്ച ചെയ്ത് തീരുമാനമെടുത്തുകൊണ്ടായിരിക്കും മുന്നോട്ട് പോകുന്നത്. അതുകൊണ്ട് ആശങ്കയുടെ കാര്യമില്ല. ബഹുമാനപ്പെട്ട അംഗത്തിന് വളരെ നന്നായി അറിയാവുന്ന കാര്യമായതുകൊണ്ട് ഞാൻ കൂടുതലായി പറയേണ്ട ആവശ്യമില്ല. എന്തിനാണ് ഇങ്ങനെ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നതെന്ന് എനിക്കറിയില്ല. കഴിഞ്ഞ സഭയിലും അങ്ങ് ഇത് അവതരിപ്പിച്ചതാണ്. ഇതൊരു ആവർത്തന സ്വഭാവമായി മാറാൻ പോകുന്നു. അങ്ങേയ്ക്ക് കാര്യങ്ങളൊക്കെ നന്നായി അറിയാവുന്ന

വ്യക്തിയായതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ പുന:പരിശോധന നടത്തണമെന്നുള്ളതാണ് എനിക്ക് സഭയിൽ പറയാനുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ രണ്ടുകൂട്ടർക്കും കാര്യങ്ങളൊക്കെ അറിയാവുന്നതുകൊണ്ട് ഇത് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഈ സഭ സമയം കണ്ടെത്തി ഈ പ്രശ്നത്തിൽ വ്യക്തത വരുത്തേണ്ടത് ഭരണ-പ്രതിപക്ഷത്തിന്റെ ആവശ്യമാണെന്ന് തോന്നുന്നു. ഗവൺമെന്റ് 10 ശതമാനം ഓഹരിയെടുക്കാൻ തീരുമാനിച്ചതാണ് ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പുതിയ പ്രശ്നം. ഗവൺമെന്റ് 10 ശതമാനം ഓഹരിയെടുക്കുമ്പോൾ ആ പ്രോജക്ട് പെർഫെക്ടായിരിക്കണം, നിയമ വിധേയമായിരിക്കണം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം കിട്ടിയതായിരിക്കണം, കേരളത്തിലെ പരിസ്ഥിതി കമ്മിറ്റി കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ മുഴുവൻ സ്വീകരിച്ചതായിരിക്കണം. നിയമപരമായ എല്ലാ പരിശോധനയും നടത്തി പൂർണ്ണമെന്ന് ബോധ്യമായിട്ടാണോ ഗവൺമെന്റ് 10 ശതമാനം ഓഹരിയെടുക്കാൻ തീരുമാനിച്ചത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം കഴിഞ്ഞ 31-ാം തീയതിവരെ ലഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ ജനുവരി 31-ന് മുമ്പാണ് ഗവൺമെന്റ് ഓഹരിയെടുക്കാൻ തീരുമാനിച്ചത്. ഈ പ്രോജക്ടിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം കിട്ടിയെന്ന് പറയുന്നത് കെ.ജി.എസ് ഗ്രൂപ്പാണ്. കെ.ജി.എസ് ഗ്രൂപ്പല്ല ഗവൺമെന്റ്. ഗവൺമെന്റ് 10 ശതമാനം ഓഹരി എടുക്കാൻ തീരുമാനിച്ചശേഷമാണ് കെ.ജി.എസ്. ഗ്രൂപ്പ് എറണാകുളത്ത് ഒരു പത്രസമ്മേളനം നട

ത്തിയത്. മുഖ്യമന്ത്രി ഈ സഭയിൽ കഴിഞ്ഞ ഒരു ചർച്ചയിൽ ഉറപ്പ് തന്നത് 500 ഹെക്ടറിൽ കൂടുതലുള്ളതെല്ലാം ഡീനോട്ടിഫൈ ചെയ്യുമെന്നാണ്. ഡീനോട്ടിഫൈ ചെയ്യാൻ നിയമപരമായി കഴിയാത്തതുകൊണ്ട് വ്യവസായ വകുപ്പു മന്ത്രി പറഞ്ഞത് നടപടികൾ സ്വീകരിച്ച് അവിടത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതാക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ അത് സ്വീകരിച്ചിട്ടുണ്ടോ? കെ.ജി എസ് ഗ്രൂപ്പിന്റെ ഒരാൾ എറണാകുളത്ത് പത്രസമ്മേളനം നടത്തിപ്പറഞ്ഞത് 700 ഏക്കറിലാണ് ഇത് നടപ്പിലാക്കുന്നതെന്നാണ്. അതിന് ആരാണ് അനുവാദം കൊടുത്തത്? വിമാനം അടുത്തവർഷം പൊങ്ങുമെന്നുമാത്രമല്ല അവിടെ ഒരു ഫൈവ് സ്റ്റാർ ഹോസ്പിറ്റൽ, ഇന്റർനാഷണൽ സ്കൂൾ, മൂന്ന് സ്റ്റാർ ഹോട്ടലുകൾ എന്നിവയുമുണ്ടാകുമെന്നാണ് പറയുന്നത്. ഇതിനൊക്കെ ഈ പ്രോജക്ടിൽ എങ്ങനെയാണ് അംഗീകാരം കൊടുത്തത്? ഇങ്ങനെ ഫയൽ എപ്പോഴാണ് രൂപപ്പെട്ടത്? ഹോസ്പിറ്റൽ, ഇന്റർനാഷണൽ സ്കൂൾ, ഹോട്ടലുകൾ എന്നിവയുടെ കാര്യത്തിൽ അവർ പറഞ്ഞതനുസരിച്ചാണെങ്കിൽ അവർ ഇതിന്റെ നടത്തിപ്പുകാരും നിങ്ങൾ ഇതിന്റെ കാര്യസ്ഥൻമാരുമാണ്. 90 ശതമാനം ഓഹരിയുള്ള ഒരു കമ്പനിയുടെ ജോലിക്കാരായി 10 ശതമാനം മാത്രം ഓഹരിയുള്ള കേരള ഗവൺമെന്റ് നിൽക്കുന്നു എന്നാണ് അവർ പറഞ്ഞത്. പത്ര സമ്മേളനം നടത്തിയപ്പോൾ പത്രക്കാർ അവിടത്തെ വയലിനെ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയോട് ചോദിച്ചതിന് അദ്ദേഹം പറഞ്ഞത്, അവിടെയുള്ള വയൽ തരിശ്ശായി കിടക്കുന്നു എന്നുള്ളതുകൊണ്ട് നികത്തുന്നതിൽ പ്രയാസമില്ല എന്നാണ്. അത് ക്രിമിനൽ കുറ്റമല്ലേ? കേരളത്തിൽ 2008-ലെ നിയമം നിലനിൽക്കുമ്പോൾ ഏതെങ്കിലുമൊരാൾ എറണാകുളത്ത് വന്ന് വയലുകൾ തരിശ്ശായതുകൊണ്ട് നികത്താമെന്ന് പറഞ്ഞാൽ ആ കാരണംകൊണ്ട് കേരളത്തിലെ റവന്യൂ വകുപ്പിന് നടപടി സ്വീകരിക്കാം. അല്ലെങ്കിൽ കൃഷി

വകുപ്പിനും ഗവൺമെന്റിനും നടപടി സ്വീകരിക്കാം. ഇന്ത്യൻ പ്രധാനമന്ത്രി അവിടെ വന്ന് തറക്കല്ലിടുമെന്ന് മൂന്ന് തവണ പറഞ്ഞത് ഇവരാണ്. ഇപ്പോൾ കെ.ജി.എസ്. ഗ്രൂപ്പാണ് ഇന്ത്യൻ പ്രധാനമന്ത്രിയുടെ പരിപാടി നിശ്ചയിക്കുന്നത്. കേരളത്തിലെ ഗവൺമെന്റിനും മുഖ്യമന്ത്രിക്കും ഇതിൽ ഒരു പങ്കുമില്ല. ഇങ്ങനെയാണോ കേരളത്തിൽ നടക്കേണ്ടത്? ശ്രീ. സി.പി. മുഹമ്മദ് ചെയർമാനായ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഈ വിമാനത്താവളത്തെക്കുറിച്ച് പറയുന്നുണ്ട്. അവിടെ പാരിസ്ഥിതികമായ ഘടകങ്ങൾക്ക് പരിക്കേൽപ്പിച്ചുകൊണ്ട് മാത്രമേ ഈ വിമാനത്താവളത്തിന് നിലനിൽപ്പുള്ളൂ എന്ന് വ്യക്തമായി ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പലതരത്തിൽ നിയമപരമായ വയലേഷൻ നടത്തിയെന്ന് സ്ഥാപിച്ചിരിക്കുന്ന പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭ അംഗീകരിച്ചതാണ്. ആ റിപ്പോർട്ട് മുന്നിലുള്ളപ്പോൾ മന്ത്രിസഭാ യോഗം അത് മറികടന്ന് ഷെയർ എടുക്കാൻ തീരുമാനിച്ചു എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഈ നിയമസഭയെ അവഹേളിക്കുന്നു എന്നും അവഗണിക്കുന്നു എന്നുമാണ്. ബഹുമാനപ്പെട്ട സ്പീക്കർ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു നിയമസഭാ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് മന്ത്രിസഭ അവഗണിക്കുന്നത് ശരിയാണോ? മന്ത്രിസഭയും അതിന്റെ സംവിധാനവും നിയമസഭയ്ക്ക് വിധേയമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥമാണ്. അതെല്ലാം മറികടന്നാണ് ഈ തീരുമാനമെടുത്തിരിക്കുന്നത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അവിടെ കെ.ജി.എസ് ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമി 31.7 ഏക്കറാണ്. അതിൽ ഭൂരിഭാഗവും വയലാണ്. കോഴഞ്ചേരിയിലെ ലാൻഡ് ബോർഡ് കണ്ടെത്തിയത് റവന്യൂ രേഖയനുസരിച്ച് അവിടെ 232 ഏക്കർ മിച്ചഭൂമിയുണ്ടെന്നാണ്. ഇത് സംബന്ധിച്ച് എന്റെ കൈയിലുള്ളതിനെക്കാൾ കൂടുതൽ രേഖകൾ അങ്ങയുടെ കൈയിലുണ്ടാകും. മിച്ച ഭൂമിയുണ്ടെങ്കിൽ അതിന്റെ 87 ശത

മാനം കേരളത്തിലെ ഭൂരഹിതരായ മനുഷ്യർക്ക് മാത്രം വിതരണം നടത്തണമെന്ന് കേരളത്തിൽ നിയമമുണ്ട്. അത് പൊതു ആവശ്യത്തിനോ വിമാനത്താവളത്തിനോ കെ.ജി.എസ്. ഗ്രൂപ്പിനോ കൈമാറാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ 232 ഏക്കർ മിച്ചഭൂമിയെന്ന് രേഖയുള്ള സ്ഥിതിക്ക്, അവിടെ പോക്കുവരവ് കൊടുക്കാതിരിക്കുന്നിടത്ത് ഈ മിച്ചഭൂമി കൂടി ഉൾപ്പെടുത്തി വിമാനത്താവളത്തിനുവേണ്ടി പ്രോജക്ട് സമർപ്പിക്കുമ്പോൾ എങ്ങനെയാണ് അത് അംഗീകരിച്ച് കേരളത്തിലെ ഗവൺമെന്റ് അതിൽ ഷെയർ എടുക്കുന്നത്. ഇവരുടെ കൈവശമിരുന്ന 2.57 ഏക്കർ മിച്ച ഭൂമി പിടിച്ചെടുത്ത് റവന്യൂ ഭൂമിയാണെന്ന് ബോർഡ് വച്ചത് അങ്ങയുടെ കാലത്താണ്. ആ നിയമലംഘനം നടത്തിയയിടത്ത് എങ്ങനെയാണ് ഗവൺമെന്റ് ഷെയർ എടുക്കുന്നത്. പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭൂമി ഇവർ കൈവശപ്പെടുത്തിയതിന് 468, 471, 420 വകുപ്പുകൾ പ്രകാരം ആറന്മുള പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ ഭൂമിയിൽ എങ്ങനെയാണ് ഈ പ്രോജക്റ്റ് നടപ്പാക്കുന്നത്. അവിടെ 9 നിയമങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട്. ലംഘിക്കപ്പെട്ട നിയമങ്ങളിൽ പലതിലും കേസ് നടക്കുകയും കോട്ടയം വിജിലൻസ് കോടതി അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്ത സംഭവങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ നിൽക്കുമ്പോൾ എങ്ങനെയാണ് ഇത് നടപ്പാക്കുന്നത്? പരിസ്ഥിതി സംരക്ഷണ നിയമം, ഭൂപരിഷ്കരണ നിയമം, കേരള ലാന്റ് കൺസർവേറ്റീവ് ആക്റ്റ്, കെ.എൽ.യു. ഓർഡർ, നെൽവയൽ നീർത്തടസംരക്ഷണ നിയമം, ഇൻഡ്യൻ ശിക്ഷാ നിയമം, ഇറിഗേഷൻ ആക്റ്റ്, എസ്.സി./എസ്.റ്റി. സംരക്ഷണ നിയമവും ഉൾപ്പെടെയുള്ള നിയമങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട് കൂടാതെ ഇതിൽ അഴിമതിയുമുണ്ട്. ഈ 9 നിയമങ്ങൾ ലംഘിക്കപ്പെട്ടതിൽ പലതും പരിസ്ഥിതി റിപ്പോർട്ടിൽ തന്നെ സൂചിപ്പിക്കപ്പെട്ട സാഹചര്യത്തിൽ, ഇതിൽ പലതിലും

അന്വേഷണം നടക്കുന്നതിന്റെ എല്ലാ രേഖകളും അവിടത്തെ കളക്ടറും മറ്റ് ബന്ധപ്പെട്ടവരും റിപ്പോർട്ട് ചെയ്തത് നിങ്ങളുടെ കൈവശമുള്ള സ്ഥിതിക്ക്, ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് 2012 ഡിസംബർ മാസം റവന്യൂ ജോയിന്റ് കമ്മീഷണർ നിങ്ങൾക്ക് റിപ്പോർട്ട് തന്ന സാഹചര്യത്തിൽ എങ്ങനെയാണ് ഷെയർ എടുക്കുന്നത്? സത്യത്തിൽ കള്ളത്തോടും പ്രതികളോടും കേരളത്തിലെ ഗവൺമെന്റ് വാദി ചേരുന്നതുപോലെ ഇവിടെ വാദിയാകേണ്ട ഗവൺമെന്റ് പ്രതിയായിരിക്കുകയാണ്. ഇത് ശരിയാണോ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുഖ്യമന്ത്രിയും എപ്പോഴും ഉപയോഗിക്കുന്ന വാചകം നിയമംനിയമത്തിന്റെ വഴിക്കു പോകുമെന്നാണ്. സത്യത്തിൽ ആറന്മുളയിൽ നിയമം വഴിയാധാരമായി കിടക്കുകയാണ്. അവിടെ നിയമം കെ.ജി.എസ്.-ന്റെ വഴിക്ക് പോവുകയാണ്. കേരളത്തിലെ മന്ത്രിസഭയേയും നിയമങ്ങളേയും കെ.ജി.എസ്. പോക്കറ്റിലിട്ട് കാര്യങ്ങള് കൈകാര്യം ചെയ്യുകയാണ്. ഇങ്ങനെയുള്ള സംവിധാനത്തിൽ അദ്ദേഹം പറയുന്നത്, ഇത് പഴയ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്, തുടങ്ങിയതൊന്നും ഞങ്ങൾ നിറുത്തുകയില്ലെന്നാണ്. പഴയ ഗവൺമെന്റിന്റെ കാലത്ത് ഒരു ക്യാബിനറ്റ് തീരുമാനമുണ്ടായിരുന്നു. ആ ക്യാബിനറ്റ് തീരുമാനത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്താം. അതനുസരിച്ച് ഇവർ സ്വന്തമായി ഭൂമി കണ്ടെത്തുകയും, കേരളത്തിലും ഇൻഡ്യയിലും നിലനിൽക്കുന്ന എല്ലാ നിയമങ്ങൾക്കും വിധേയമായി in principle അവർക്ക് അംഗീകാരം കൊടുക്കുകയാണ്. അങ്ങനെയാണെങ്കിൽ കരഭൂമിയിൽ മാത്രമേ ഇത് നടത്താൻ കഴിയൂ. ഞാൻ ഇപ്പോഴും നിങ്ങളോട് പറയുന്നു,...... വിമാനത്താവളം സംബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ, ശ്രീ. വി. എസ്. ശിവകുമാറും ശ്രീ. കെ. ബാബുവും ഇവിടെയില്ല,

ശ്രീ. കെ. ബാബുവിന്റെ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ കബറടക്കത്തിനുള്ള കുഴിയെടുക്കാൻ ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളം വന്നാൽ തിരുവനന്തപുരം വിമാനത്താവളം മരിക്കുമെന്ന് പറയുന്നു. കാരണം അദ്ദേഹം പറഞ്ഞത് പത്തനംതിട്ട എയർപോർട്ട് വന്നാൽ 42 ശതമാനം യാത്രക്കാർ ഇന്ന് തിരുവനന്തപുരം, നെടുമ്പാശ്ശേരി എയർപോർട്ടുകൾ വഴി യാത്ര ചെയ്യുന്നവരായിരിക്കും. ഇടുക്കി, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലയുടെ ഒരുഭാഗവുമാണ് ഇതിന്റെ ലിമിറ്റഡ് ഏരിയയായി കാണുന്നത്. കെ.ജി.എസ്. ഗ്രൂപ്പിന് വേണ്ടി എറണാകുളത്ത് പത്രസമ്മേളനം നടത്തിയ ആളാണ് 42 ശതമാനമെന്ന് പറഞ്ഞത്. 42 ശതമാനം യാത്രക്കാർ പോയാൽ തിരുവനന്തപുരം എയർപോർട്ട് പൂട്ടുമെന്നും എറണാകുളം എയർപോർട്ട് ക്ഷയിക്കുമെന്നും ഉറപ്പാണ്. ഇക്കാര്യം അന്നത്തെ ക്യാബിനറ്റ് തീരുമാനത്തിൽ കാണും. ഇനി അവിടെ വിമാനത്താവളം വേണമെങ്കിൽ എന്തിന് ഈ പുഞ്ചയ്ക്ക് മുകളിൽ തന്നെ തുടങ്ങണം; എന്തിന് കോഴിത്തോട് അടച്ചും പമ്പാനദിക്ക് കേടുവരുന്ന തരത്തിലും വയ്ക്കണം? കരഭൂമി കണ്ടെത്തി വയ്ക്കട്ടെ. ഇന്നത്തെ അവസ്ഥയിൽ റവന്യൂ വകുപ്പിന് പത്തനംതിട്ട ജില്ലയിൽ കരഭൂമി കണ്ടെത്താൻ പ്രയാസമില്ല. അതല്ലാതെ പത്തനംതിട്ടയിൽ ഒരു വിമാത്താവളം വന്ന് തിരുവനന്തപുരം വിമാനത്താവളം പൂട്ടിക്കണമെന്ന് നിർബന്ധമുള്ളവരാരെങ്കിലും മന്ത്രിസഭയിൽ ഉണ്ടെങ്കിൽ വിമാനത്താവളം കരയ്ക്കുണ്ടാക്കട്ടെ. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കേണ്ടത്, കേരളത്തിൽ വരൾച്ച നേരിടുമ്പോൾ, കേരളത്തിന്റെ ഏറ്റവും പ്രത്യേകതയായി നിൽക്കുന്നത് ഇൻഡ്യയിലെ ഒന്നേകാൽ ശതമാനം ഭൂമിയേ നമുക്കുള്ളു. എന്നാൽ ഇൻഡ്യയിലെ മൂന്നേകാൽ ശതമാനം മനുഷ്യർ ഇവിടെയുണ്ട്. വെള്ളത്തിന്റെ കണക്കനുസരിച്ച് ഇൻഡ്യയിൽ മൊത്തം ശുദ്ധജല

ത്തിന്റെ 5 ശതമാനം കേരളത്തിലാണ്. അത് വല്ലാതെ കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നാണ് ഈ വർഷത്തെ സർവ്വ റിപ്പോർട്ടുകളും പറയുന്നത്. ഭൂതല ജലമാണെങ്കിലും ഭൂഗർഭ ജലമാണെങ്കിലും കേരളത്തിൽ സമ്പന്നമായിട്ടുള്ള പ്രദേശങ്ങളിൽ ഒന്ന് ആറന്മുള പുഞ്ചയും പമ്പയുടെ തീരവുമാണ്. എന്തിനാണ് അതിന് കബറടക്കം നടത്തുന്നത്? എന്തിന് നമ്മുടെ വെള്ളംകുടി മുട്ടിക്കുന്നുവെന്നാണ് അവിടെത്തെ മനുഷ്യർ ചോദിക്കുന്നത്. കഴിഞ്ഞ തിങ്കളാഴ്ച ഒരനുവാദവുമില്ലാതെ കെ.ജി.എസ്. ഗ്രൂപ്പ് ജെ.സി.ബി.യുമായി വന്നപ്പോൾ നാട്ടുകാർ തടയുകയും പോലീസ് ഇടപെട്ടതിനെത്തുടർന്ന് അവർക്ക് തിരിച്ചുകൊണ്ടുപോകേണ്ടതായുംവന്നു. എന്തിനാണ് നാട്ടിൽ സംഘർഷമുണ്ടാക്കുന്നത്? എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥനയുണ്ട്, അദ്ദേഹം ജനസമ്പർക്ക പരിപാടി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായി നടത്തുകയാണ്. അങ്ങ് ആറന്മുള പോയി ഒരു ജനസമ്പർക്ക പരിപാടി നടത്തണം. അവിടത്തെ വോട്ടർമാരായ നാട്ടുകാർ മാത്രം പങ്കെടുത്താൽ മതി. നിങ്ങൾ എന്തുകൊണ്ടാണ് എതിർക്കുന്നതെന്ന് അവരോട് ചോദിക്കണം. അദ്ദേഹം ജനത്തോടൊപ്പം നിൽക്കുന്നോ ചെന്നൈ ബെയ്സ് ചെയ്തിട്ടുള്ള കെ.ജി.എസ്. ഗ്രൂപ്പിനോടൊപ്പം നിൽക്കുന്നോ എന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. വളരെ സീനിയറായിട്ടുള്ള പൊളിറ്റിക്കൽ ലീഡറാണ് അദ്ദേഹം. എനിക്ക് പറയാനുള്ളത് അങ്ങ് ജനത്തോടൊപ്പം നിൽക്കണമെന്നാണ്. വിമാനത്താവളമാണെങ്കിൽ അവിടെ കരഭൂമിയിൽ ഉണ്ടാക്കാം. പക്ഷേ, വല്ലാത്ത മോഹങ്ങളുമായി എല്ലാ നിയമങ്ങളേയും ലംഘിച്ച് ഈ വരൾച്ച ബാധിത പ്രദേശത്ത്, കേരളത്തിൽ സമ്പന്നമായ കുറച്ച് ഭൂതല ജലവും ഭൂഗർഭ ജലവും ഉള്ള ഒരു പ്രദേശത്തെ സർവ്വവും മുടിച്ച് ഗവൺമെന്റ് ഷെയറെടുത്ത് തെറ്റിനോടാപ്പം പങ്കുചേർന്ന് ഞങ്ങൾ ശരിയോടൊപ്പമല്ല, ജനങ്ങളോടൊപ്പമല്ല തെറ്റിനോടൊപ്പമാണെന്ന്, ഈ നിയമ

സഭ രൂപീകരിച്ച പരിസ്ഥിതി കമ്മിറ്റിയുടെ അഭിപ്രായം പോലും മറികടന്ന് ആർക്കോ വേണ്ടി എടുക്കുന്ന തെറ്റായ തീരുമാനങ്ങളിൽ നിന്ന് ഗവൺമെന്റ് പിന്മാറണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രശ്നം അടിയന്തര സാഹചര്യമുള്ള തുകൊണ്ട് ഇവിടെ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പി ക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹു മാനപ്പെട്ട മുൻ കൃഷിവകുപ്പുമന്ത്രി കൂടിയായ ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയെ സമ്മതിക്കണം. അത് എല്ലാവരും അംഗീകരിച്ചേ മതിയാകൂ. കേരള ത്തിലെ മുഴുവൻ ജനങ്ങളും അങ്ങ് പറഞ്ഞ കാര്യങ്ങൾ കേട്ട് അങ്ങയെ അംഗീകരിക്കണം. കാരണം, ഓന്തിന്റെ നിറം മാറുന്നതുപോലെയാണ് അങ്ങ് സംസാരിച്ചത്. അങ്ങ് കൃഷി വകുപ്പുമന്ത്രിയായിരുന്ന ആളല്ലേ; എന്നോട് ചില ചോദ്യങ്ങൾ ചോദിച്ചു. കെ.ജി.എസ്. ഗ്രൂപ്പിന്റെ പോക്കറ്റിലാണോ ഈ മന്ത്രിസഭയെന്ന് ചോദിച്ചു. അങ്ങനെയായിരുന്നോ? നിങ്ങൾ ഇതിനൊക്കെ അനുമതി കൊടുക്കുന്ന സമയം കെ.ജി.എസ്. ഗ്രൂപ്പിന്റെ പോക്കറ്റിലിരു ന്നാണോ ഇതൊക്കെ ചെയ്തത്? അന്ന് കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരൻ ഉൾപ്പെടെയുള്ള മന്ത്രിസഭ എടുത്ത ചില തീരുമാനങ്ങ ളുണ്ടാകുമല്ലോ; അപ്പുറത്ത് അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയും ഇരിപ്പുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങേയ്ക്ക് അന്നത്തെ ക്യാബിനറ്റ് തീരുമാനമെടുത്ത് നോക്കാവുന്നതാണ്. ആ തീരുമാനത്തിൽ ഏതെങ്കിലും തര ത്തിലുള്ള നിയമത്തെ ലംഘിക്കാവുന്ന തരത്തിൽ കെ.ജി.എസ്. ഗ്രൂപ്പിന് അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽ തീർച്ചയായും ഈ സഭയിൽ ക്ഷമ ചോദിക്കാൻ തയ്യാറാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഹുമാനപ്പെട്ട അംഗം, റിപ്പോർട്ട് എന്റെ കൈയിലുണ്ട്. ഞാൻ വായിക്കാം. അങ്ങ് ചോദിച്ചല്ലോ, അനുമതി കൊടുത്തി ട്ടുണ്ടോയെന്ന്; അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ.ജി.എസ്. ഗ്രൂപ്പിന് കൊടുത്ത ഒരു വാക്കുണ്ട്. 11-11-2010-ൽ അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. രാജഗോപാലൻ ഒരു കത്ത് കൊടുത്തിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത്, “Clearance of land to KGS Green Field Airport, Aranmula Regarding: Government have approved the proposal for the Green Field Airport, Aranmula a few months back subject to the specific conditions that the land required for the purpose will be located obtained by the Company. It is also made clear in the Government Order issued in this regard that the Company is in possession of 350 acres of land. The above said land has been examined by the Airport Authority of India two years back and found ideal for the runway of the proposed Airport. In good faith and belief we have approached the District Collector, Pathanamthitta for getting the land transacted to the present Company. But we are told that since the owner of the land has developed the land in violation of certain rules and it cannot be transacted unless a direction is issued by the Government. In the above circumstances, necessary directions may please be given to the District Collector to dispense with the ban imposed on the land and issue formal sanction for further

activities there". അതിന്റെ അടിയിൽ ഒരുവാക്കുകൂടിയുണ്ട്. അതുംകൂടി ഒന്ന് കേൾക്കണം. "ജില്ലാ കളക്ടർ, പത്തനംതിട്ട. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കവിധം ഭൂമി കൈമാറ്റം ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക". അതിന്റെ അടിയിൽ ഒപ്പിട്ടിരിക്കുന്നത് ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. 11-11-2010-ൽ കൊടുത്ത കത്തിൽ 12-01-2010-ൽ ഇങ്ങനെ എഴുതി ഒപ്പിട്ടിരിക്കുകയാണ്. കെ.ജി.എസ്. ഗ്രൂപ്പ് ആരുടെ പോക്കറ്റിലായിരുന്നു? ഞങ്ങളുടെയാണോ; ഇത് കൊടുക്കണമെങ്കിൽ ആരുടെ പോക്കറ്റിലായിരുന്നു; അങ്ങ് ഇക്കാര്യങ്ങൾ അറിഞ്ഞില്ലേ? പിന്നെ 10 ശതമാനം ഷെയർ എടുത്തതിനെക്കുറിച്ച് വലിയ ചോദ്യമൊക്കെ അങ്ങ് ചോദിച്ചല്ലോ, ഞാനൊന്ന് ചോദിച്ചോട്ടെ, വേറൊരു കത്തുണ്ട്. അങ്ങേയ്ക്ക് ഇത് സംബന്ധിച്ച അറിവ് കിട്ടിയിട്ടില്ലെങ്കിൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എളമരം കരീമിനോട് ചോദിച്ചാൽ ഇതിന്റെ ഡീറ്റെയിൽസ് കിട്ടും. അങ്ങയുടെ കൈയിലില്ലെങ്കിൽ ഞാൻ ഇത് തരാം. ഇതിനകത്ത് പറഞ്ഞിട്ടുള്ളത്, Kerala Industrial Infrastructure Development Corporation. Subject: International Airport at Aranmula, Pathanamthitta District. Sweat Equity. This is reference to your above mentioned letters requesting us to take sweat equity of 3% in the above project. അതിന്റെ ഡീറ്റയിൽസ് വേണമെന്നല്ലേ ആവശ്യപ്പെട്ടിരിക്കുന്നത്. ഞാൻ വായിച്ചപ്പോൾ എനിക്കങ്ങനെയാണ് മനസ്സിലായത്. അത് തെറ്റാണെങ്കിൽ ഞാൻ തിരുത്തിക്കോളാം. അതിനും ഞാൻ തയ്യാറാണ്. അപ്പോൾ അന്ന് ആരുടെ പോക്കറ്റി

ലായിരുന്നു; വെറുതെ കാടടച്ച് വെടിവയ്ക്കാൻ ശ്രമിക്കരുത്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് നിങ്ങൾത്തന്നെ ചെയ്തിട്ട് അധികാരമൊന്നൊഴിഞ്ഞു എന്നതുകൊണ്ട് എന്നാൽ പിന്നെ ഇവരുടെ മണ്ടയ്ക്ക് കിടക്കട്ടെ എന്നുപറഞ്ഞ് ഈ അഭ്യാസം നടത്തുന്നത് ശരിയല്ല. അത് മോശമാണ്. ചെയ്ത കാര്യങ്ങൾ ശരിയാണെങ്കിൽ, നല്ല കാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ......... അല്ലെങ്കിൽ ഇത് വേണ്ടായെന്ന് ഞങ്ങൾക്ക് തീരുമാനമെടുക്കാമായിരുന്നല്ലോ. പത്തനംതിട്ട ജില്ലയിൽ ഒരു എയർപോർട്ട് വരുന്നതിൽ എന്താണ് തെറ്റ്?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ ഈ വിഷയം അവതരിപ്പിച്ച സന്ദർഭത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് പറയുകയുണ്ടായി. അതായത്, ബഹുമാന്യനായ സി. പി. മുഹമ്മദ് ചെയർമാനായ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഭയിൽ സമർപ്പിച്ചതിനുശേഷമാണോ ഈ ഗവൺമെന്റ് വന്നതിനുശേഷം സഭയിൽ സമർപ്പിച്ചതിനുശേഷമാണോ ഈ പ്രൊസീഡിംഗ്സ് ആരംഭിച്ചത്?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഏതായാലും ബഹുമാന്യനായ ശർമ്മ തന്നെ ഈ ചോദ്യം ചോദിച്ചത് വളരെ നന്നായി. ഞാൻ പണ്ട് നെടുമ്പാശ്ശേരിയെക്കുറിച്ച് പത്രത്തിൽ വാർത്ത വായിച്ചിട്ടുണ്ട്. അന്ന് അങ്ങ് ഡി.വൈ.എഫ്.ഐ.യുടെ നേതാവും എം.എൽ.എ.യുമായിരുന്നു. അന്ന് അങ്ങയുടെ ഒരു പത്രപ്രസ്താവന വായിച്ച് സത്യത്തിൽ ഞാൻ കോരിത്തരിച്ചുപ്പോയി. അന്നത്തെ ആ പ്രസ്താവനയിൽ അങ്ങ് പറഞ്ഞിരുന്നത് നെടുമ്പാശ്ശേരി എയർപോർട്ടിൽ ഒരു വിമാനമിറങ്ങുന്നുവെങ്കിൽ എന്റെ നെഞ്ചത്തുകൂടിയാ

യിരിക്കും എന്നുപറഞ്ഞൊരു പ്രസ്താവന വായിച്ചു. അത് ശരിയോ തെറ്റോ എന്ന് അറിയില്ല.

ശ്രീ. എസ്. ശർമ്മ: സർ, ശുദ്ധ അസംബന്ധമാണിത്. ഞാൻ അങ്ങനെ യൊരു പ്രസ്താവന ഇറക്കിയിട്ടില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പ്രസ്താവന ഇറക്കിയിട്ടില്ലെങ്കിൽ .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ശ്രീ. ശർമ്മ.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ വായിച്ച വാർത്തകൾ ഓർമ്മയിൽ നിന്ന് പറയുന്നതാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ വൈസ് ചെയർമാനായി അങ്ങ് കഴിഞ്ഞ 5 വർഷക്കാലമിരുന്നില്ലേ; അപ്പോൾ ഒരിക്കൽ ഒന്ന് പറയുകയും പിന്നെ മാറ്റിപറയുകയും ചെയ്യുകയാണ്. നമുക്ക് മാറ്റിപ്പറ യേണ്ടിവരും അതങ്ങനെപ്പറഞ്ഞാൽ മതി. .......(ബഹളം)........

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ പേരെടുത്ത് പരിസ്ഥിതി കമ്മിറ്റി യുടെ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ഒന്ന് പറയട്ടെ. ബഹുമാനപ്പെട്ട സി. ദിവാകരൻ... പ്ലീസ്.. പ്ലീസ്....

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയം അവതരിപ്പിച്ച് മറുപടി പറയുമ്പോൾ നിയമസഭാ കമ്മിറ്റിയുടെ ചെയർമാന് സംസാരിക്കാമെങ്കിൽ ഇതിൽ പൂർണ്ണമായും ബഹുമാനപ്പെട്ട മന്ത്രി ......

ശ്രീ. സി. പി. മുഹമ്മദ്: സർ, എനിക്ക് പറയാനുള്ളത് പറയട്ടെ. നിങ്ങൾ ഏകപക്ഷീയമായി പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ; പരിസ്ഥിതി കമ്മിറ്റി എല്ലാ രേഖകളും പരിശോധിച്ച് റിപ്പോർട്ട് കൊടുത്തത് ശരിയാണ്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് കഴിഞ്ഞ അഞ്ചുവർഷക്കാലമാണ് അവിടെ

ഏറ്റവുമധികം നിയമലംഘനങ്ങൾ നടന്നിട്ടുള്ളത്. അതിനെക്കുറിച്ച് അന്വേഷിക്കണം എന്നാവശ്യപ്പെട്ടത് ശരിയാണ്. ആറൻമുളയിൽ കരഭൂമി കിട്ടുമെങ്കിൽ അവിടെ വിമാനത്താവളം സ്ഥാപിക്കുന്നത് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടതും ശരിയാണ്. ഒരു പരിസ്ഥിതി കമ്മിറ്റിയുടെ ധർമ്മം മാത്രമാണ് നിർവ്വഹിച്ചത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെയും അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെയും കാലത്താണ് അവിടെ കോഴിത്തോട് നികത്തുകയും പാടം നികത്തുകയുമുൾപ്പടെയുള്ള മുഴുവൻ നിയമലംഘനങ്ങളും നടന്നിട്ടുളളത്. രാഷ്ട്രീയമാണ് എന്ന് തോന്നണ്ട എന്നുകരുതി മാന്യതകൊണ്ട് ഞങ്ങൾ അത് പരാമർശിച്ചില്ല. അതുകൊണ്ടാണ് അതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് പരിസ്ഥിതി കമ്മിറ്റി പറഞ്ഞത്. അല്ലാതെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ എന്റെ പേര് പറഞ്ഞ് ഇവിടെ പരാമർശിക്കുന്നത് ഓർഡറിലാണോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പിന്നീട് പറഞ്ഞത്, 232 ഏക്കറോളം സ്ഥലം മിച്ചഭൂമിയാണ് എന്നാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ലാൻഡ് ബോർഡിന്റെ ഒരു റിപ്പോർട്ട് ഉണ്ട്, എന്നാണ് പറഞ്ഞത്? ആ ലാന്റ് ബോർഡിന്റെ റിപ്പോർട്ട് അങ്ങയുടെ കൈവശമുണ്ടെന്ന് എനിക്ക് നന്നായിട്ടറിയാം. ലാന്റ് ബോർഡിന്റെ റിപ്പോർട്ട് തയ്യാറാക്കിയത് ആരാണെന്നും അങ്ങേയ്ക്കറിയാം. അങ്ങയുടെ കൈവശം മാത്രമല്ല ഏത് അംഗത്തിനുവേണമെങ്കിലും കിട്ടുന്ന റിപ്പോർട്ടാണ് ഇത്, രഹസ്യമായ റിപ്പോർട്ട് ഒന്നുമല്ല. ആ റിപ്പോർട്ടിനകത്ത് 232 ഏക്കർ മിച്ചഭൂമിയുണ്ടെന്ന് എവിടെയും പറഞ്ഞിട്ടില്ല. പിന്നെ ഒരുകാര്യം, മിച്ച ഭൂമിയുണ്ടോയെന്ന് കണ്ടെത്തുന്നത് എപ്പോഴാണ്? അതിന് പരിശോധന നടത്തണം. അതിന് കേസ് ബുക്ക് ചെയ്യണം, ഹിയറിംഗ് നടത്തണം. ഹിയറിംഗ് നടത്തിയതിനുശേഷമാണ് മിച്ച ഭൂമിയുണ്ടോയെന്ന് കണ്ടെത്തി അതിന് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നത്. അതിന്റെ കാര്യങ്ങൾ നടക്കുകയാണ്. ഞങ്ങൾക്ക് ഇതൊന്നും ഒളിച്ചുവയ്ക്കേണ്ടതില്ല. ഇതൊക്കെ വളരെ സുതാര്യത യോടുകൂടി നടക്കുന്ന കാര്യങ്ങളാണ്. നിങ്ങൾ ഇപ്പോൾ ചോദിക്കുന്നത് 10 ശതമാനം എന്തിനാണ് എടുത്തത് എന്നാണ്. 3 ശതമാനത്തിനുവേണ്ടി, അവ രുടെ ബോർഡിലൊന്നുവയ്ക്കാൻ വേണ്ടി ഇങ്ങോട്ടൊന്ന് അയച്ചുതരണം എന്നുപറഞ്ഞ് നിങ്ങൾ കൊടുത്ത കത്താണല്ലോ ഞാനിവിടെ വായിച്ചത്. അപ്പോൾ അന്നുതുടങ്ങിയ കാര്യങ്ങളാണ്. അന്ന് 3 ശതമാനം എടുക്കാൻ ആലോചിച്ചിരുന്നുവെങ്കിൽ ഇപ്പോൾ 10 ശതമാനം എടുക്കാൻ ഞങ്ങൾ തീരു മാനിച്ചു. അത്രയല്ലേയുള്ളൂ. 7 ശതമാനത്തിന്റെ വ്യത്യാസമുണ്ട്. അത് ശരിയാണ്, അത് ഫ്രീയായി കിട്ടിയതാണ്. ഞങ്ങൾ പണം കൊടുത്ത് വാങ്ങി യതല്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അങ്ങ് മിച്ചഭൂമിയുടെ കാര്യമാണ് പറയു ന്നത്. സർക്കാർ വക തോട് നികത്തി കെ.ജി.എസ്. ഗ്രൂപ്പ് സർക്കാരിന്റെ ഭൂമി കയ്യേറി അത് ഒഴിപ്പിക്കണമെന്നതരത്തിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ റിപ്പോർട്ട് അങ്ങേയ്ക്ക് കിട്ടിയിട്ടുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. എന്റെ കയ്യിൽ ജില്ലാ കളക്ടർ തന്നിട്ടുള്ള റിപ്പോർട്ടു കളെല്ലാമുണ്ട്. അങ്ങേയ്ക്ക് വേണമെങ്കിൽ, അങ്ങ് ആവശ്യപ്പെട്ടാൽ അതിന്റെ കോപ്പി തരാം. റിപ്പോർട്ടുകൾ ഞങ്ങൾ പരിശോധിക്കുകയും സർക്കാർ ഭൂമി ഉണ്ടോയെന്ന് ഞങ്ങൾ കണ്ടെത്തുകയും ചെയ്യും. സർക്കാർ ഭൂമി ഉണ്ടെങ്കിൽ അതിനെന്താണ് നടപടി സ്വീകരിക്കേണ്ടതെന്ന് ഞങ്ങൾ തീരു മാനിക്കും. അതിന് യാതൊരു സംശയവും വേണ്ട. അല്ലാതെ സർക്കാർ ഭൂമി ഉണ്ടെങ്കിൽ ആ സർക്കാർ ഭൂമി ആർക്കും കയ്യേറാം, അത് കണ്ടില്ലെന്ന് നടി

ക്കുന്ന ഏർപ്പാടല്ല ഈ ഗവൺമെന്റിനുള്ളത്. ഞങ്ങൾ ആ തീരുമാനം എടുക്കും;. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിൽ യാതൊരപാകതയുമില്ല. ആറന്മുള വിമാനത്താവളം വരുന്നത് അവിടെ വലിയ പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റു ബുദ്ധിമുട്ടുകളുമുണ്ടാകുന്നു എന്നാണ് മുൻ കൃഷി വകുപ്പുമന്ത്രിയായ ശ്രീ. മുല്ലക്കര രത്നാകരൻപറഞ്ഞത്. ഇത് നേരത്തെ അറിയില്ലായിരുന്നോ? കഴിഞ്ഞ പ്രാവശ്യം നിങ്ങൾ അനുമതി കൊടുത്തു. കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിന് നടന്ന സംഭവം അങ്ങേയ്ക്കറിയാം. അങ്ങും ചിലപ്പോൾ അന്നത്തെ അവിടത്തെ സ്ഥാനാർത്ഥിക്കുവേണ്ടി പ്രസംഗിക്കാൻ പോയിക്കാണും. അന്ന് ശ്രീ. കെ. ശിവദാസൻ നായരാണ് യു.ഡി.എഫ്.-നുവേണ്ടി അവിടെ മത്സരിച്ചത്. അപ്പുറത്ത് മത്സരിച്ചത് ആറന്മുള വിമാനത്താവളം കൊണ്ടുവരാൻ വേണ്ടി എല്ലാ നടപടികളും സ്വീകരിച്ച്, അതിനെല്ലാ ഒത്താശകളും ചെയ്തുകൊടുത്ത അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. രാജഗോപാലനായിരുന്നു. അദ്ദേഹം തെരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടി ഇറക്കിയ ചില രേഖകൾ എന്റെ കൈവശമുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത്, അതിരുകളില്ലാത്ത ലോകം - വിമാനം പറന്നു പോകുകയാണ് - ആറന്മുള വിമാനത്താവളം യാഥാർത്ഥ്യത്തിലേയ്ക്ക്, സ്വകാര്യമേഖലയിൽ മൂവായിരം കോടി രൂപ മുടക്കി, അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളം സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിർമ്മാണ പ്രവർത്തനം തുടങ്ങി. നിർദ്ദിഷ്ട വിമാനത്താവള ഭൂപ്രദേശം സംസ്ഥാന വ്യവസായ വകുപ്പ്, ഇൻഡസ്ട്രിയൽ ഭൂപ്രദേശമായി വിജ്ഞാപനം ചെയ്തു. കൂടുതൽ അംഗീകാരത്തിനായി വിശ്രമരഹിതമായ പ്രവർത്തനം; ... ആരാണ് സർ? വിശ്രമരഹിതമായ പ്രവർത്തനം..........(ബഹളം).........

ശ്രീ. സി. ദിവാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഇതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. ബഹുമാനപ്പെട്ട മന്ത്രി വഴങ്ങുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ഞാൻ ഒരുപാട് പ്രാവശ്യം വഴങ്ങിക്കൊടുത്തതാണ്, എങ്കിലുംപറഞ്ഞോട്ടെ.

ശ്രീ. സി. ദിവാകരൻ: സർ, തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥി ഇറക്കിയ ഒരു പ്രസ്താവന ഇവിടെ വായിക്കുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: നോട്ടീസും പത്രവും രേഖകളുമൊക്കെ ഇവിടെ എല്ലാപേരും ഉദ്ധരിക്കാറുണ്ട്. .......(ബഹളം)...... നമുക്ക് അസൗകര്യമുള്ളത് കേൾക്കുമ്പോൾ ബുദ്ധിമുട്ട് തോന്നും. Please, come to the point.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വിഷമം ഞാൻ നന്നായി മനസ്സിലാക്കുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: അംഗങ്ങളെ ആവശ്യമില്ലാതെ പേരെടുത്തു പറഞ്ഞ് ആക്ഷേപിക്കരുത്. എനിക്ക് ഒട്ടും വിഷമമില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, ഈ സഭയിലുള്ള അംഗങ്ങൾ എന്തെങ്കിലും ഇങ്ങോട്ട് ചോദിച്ചാൽ അതിന് മറുപടി പറയണ്ടേ? അല്ലാതെ എനിക്ക് റോഡിൽക്കൂടി പോകുന്നവരോട് പോയി മറുപടി പറയാൻ കഴിയുമോ? ഇവിടെ സഭയിൽ എന്നോട് ചോദിക്കുന്നതിനുള്ള മറുപടിയാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: എന്നാലും എല്ലാപേർക്കും പരസ്പര ബഹുമാനം വേണ്ടതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, നമ്മൾ തമ്മിൽ നല്ല ബന്ധത്തിലാണ്. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവുമായും ഞാൻ നല്ല ബന്ധത്തിലാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഇത് വ്യക്തിപരമായ കാര്യങ്ങളല്ല. എന്റെ വിഷമം ഇവിടെ പ്രശ്നമല്ല. .....(ബഹളം).........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ പറഞ്ഞത് ശരിയാണ്. ഇതൊന്നും വ്യക്തിപരമായ കാര്യങ്ങളല്ല.

ശ്രീ. അടൂർ പ്രകാശ്: സർ, ........(ബഹളം)...... ഏതായാലും ഞാനിതിന് മറുപടി പറയുകയാണ്. ........(ബഹളം)........ ഞാൻ പറയുന്നത് കേൾക്കണം. വെറുതെ ചൊടിക്കുന്നതെന്തിനാണ്. ...(ബഹളം)..... ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടക്കം കുറിച്ച ഒരേർപ്പാടല്ല. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചെയ്ത കാര്യങ്ങളാണ്. അദ്ദേഹം ഇവിടെ ഡീ-നോട്ടിഫൈ ചെയ്തതിനെക്കുറിച്ച് ചോദിച്ചു. ഇവിടെ നോട്ടിഫൈ ചെയ്തത് ആരാണ്. 24.2.2011-ന് .......(ബഹളം)....... എല്ലാം കേൾക്കണം. അത് പറയാൻ വേണ്ടിയാണ് ഞാനിവിടെ നിൽക്കുന്നത്. അല്ലാതെ നിങ്ങൾ പറയുന്നത് മാത്രം കേൾക്കാൻ വേണ്ടിയല്ല നിൽക്കുന്നത്. ശ്രീമതി ബിജിമോൾ പറയുന്നത് മാത്രം കേൾക്കാൻ വേണ്ടിയല്ല. .........(ബഹളം)......... (ബഹളം).......

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്.......ശ്രീമതി ലതിക, പ്ലീസ് ............(ബഹളം)........ദയവുചെയ്ത് ഇരിക്കൂ. ഒരു അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി ചോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ അതിന് മറുപടി പറയേണ്ട ഉത്തരവാദിത്വം മന്ത്രിക്കില്ലേ? മന്ത്രി

അതാണ് പറയുന്നത്. .......(ബഹളം)........ അത് പാടില്ല. ആക്ഷേപിക്കാൻ പാടില്ല. ......(ബഹളം)....... പ്ലീസ്.......

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാനപ്പെട്ട അംഗം ഡീ-നോട്ടിഫൈ ചെയ്ത കാര്യത്തെക്കുറിച്ച് ചോദിച്ചു. കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്. ഇത് ഇൻഡസ്ട്രിയൽ ഏരിയയായി നോട്ടിഫൈ ചെയ്തത് 24.2.2011-നാണ്. അന്ന് ഞങ്ങളല്ല ഭരിക്കുന്നത്. അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലമാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ വായിച്ചത്, സംസ്ഥാന വ്യവസായ വകുപ്പ്, ഇൻഡസ്ട്രിയൽ ഭൂപ്ര ദേശമായി വിജ്ഞാപനം ചെയ്തിരിക്കുന്നു എന്ന് അന്നത്തെ സ്ഥാനാർത്ഥി യായി മത്സരിച്ച ആൾ അച്ചടിച്ചിറക്കിയത്. അതൊന്നും ഞങ്ങൾ ചെയ്ത തെറ്റല്ല. പക്ഷെ തെറ്റുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കി. അതിന്റെ അടിസ്ഥാന ത്തിലാണ് ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ സഭയിൽ പറഞ്ഞത് ഇത് ഡീ-നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുമെന്ന്. അത് ഡീ-നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. യാതൊരു അന്തരവുമില്ലാതെ, യാതൊരു കാര്യങ്ങളും പരിശോധന നടത്താതെ സർവ്വേ നമ്പരുകൾ പലതും കാണിച്ച് അവിടെ നോട്ടിഫൈ ചെയ്യുകയാണുണ്ടായത്. ആ തെറ്റ് തിരുത്തി ക്കൊണ്ടുവേണം ഡീ-നോട്ടിഫൈ ചെയ്യേണ്ട്. ഡീ-നോട്ടിഫൈ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കാര്യ ങ്ങളൊക്കെ ഇവിടെ ചർച്ച ചെയ്യുമ്പോൾ പണ്ട് ചെയ്ത കാര്യങ്ങൾ കൂടി ഓർമ്മയിൽ വച്ചുകൊണ്ട് പറയാൻ തയ്യാറാകുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അടിയന്തരമായി സഭ നിറുത്തിവച്ച് ചർച്ച

യക്ക് വിധേയമാക്കേണ്ട ഒരു വിഷയമല്ല. അതുകൊണ്ട് ഈ സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ പ്രശ്നം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തുമെല്ലാം വിമാനത്താവളത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ചില എം. എൽ.എ.-മാർ സമീപിക്കുകയും അതനുസരിച്ചുള്ള ചില നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വസ്തുത മറച്ചുവയ്ക്കാനാഗ്രഹിക്കുന്നില്ല. എന്നാൽ പിന്നീട് നെൽവയൽ-നീർത്തട നികത്തൽ നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള ചർച്ചകൾ വ്യാപകമായി വന്നതുകൊണ്ട് ദൂരവ്യാപകമായി ഈ വിമാനത്താവളം പിന്നീട് നമ്മൾ തന്നെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന തണ്ണീർത്തടങ്ങളുടെയും ഇതുപോലെയുള്ള ആവശ്യങ്ങളുടെയും അർത്ഥശൂന്യത കൊണ്ടുവരുന്നതിന് ഇടയാക്കുമെന്നുള്ളതുകൊണ്ട് വെള്ളം കിട്ടാതിരിക്കുക, കൃഷി കുറയുക തുടങ്ങിയ സ്ഥിതി കേരളത്തെ ഏറ്റവും ആപത്കരമായ സ്ഥിതിയിലേയ്ക്കെത്തുമെന്നുള്ളതുകൊണ്ട് നിങ്ങൾ ഡീ-നോട്ടിഫൈ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് കഴിഞ്ഞ സഭയിൽ തന്നെ പറഞ്ഞതായിട്ടാണ് അദ്ദേഹവും ഓർമ്മിപ്പിക്കാൻ ശ്രമിച്ചത്. നല്ല കാര്യമാണത്. നിങ്ങൾക്കും ഞങ്ങൾക്കുമെല്ലാം ഇതുപോലെയുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലുള്ള നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. അതേസമയം അതിനെക്കാളേറെ

അതിനെ എതിർത്തുകൊണ്ടുള്ള റിപ്പോർട്ടുകളും ആവശ്യങ്ങളും എതിർപ്പുകളും വന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതെല്ലാം സമഗ്രമായി പരിശോധിച്ച് ഇന്നത്തെ സാഹചര്യത്തിൽ ഒരു അടിയന്തര ആവശ്യം എന്നുള്ള അടിസ്ഥാനത്തിൽ ഇത് ഉന്നയിക്കേണ്ടതായിട്ടുണ്ടോ എന്നുള്ളതാണ് നമ്മൾ ആലോചിക്കേണ്ടത്. ആ നിലയിൽ നോക്കുമ്പോൾ, സുപ്രധാനമായ ഒരു കാര്യം സംസ്ഥാനത്തിന് നേടിക്കൊടുക്കുന്നു, ജനങ്ങൾക്ക് നേടിക്കൊടുക്കുന്നു എന്ന സ്ഥിതി വരാൻ പോകുന്നില്ല എന്നു മാത്രമല്ല ജനങ്ങൾക്ക് ദ്രോഹം ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് ഗവൺമെന്റുകൾ നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്നുള്ള സ്ഥിതി വരികയും ചെയ്യും. ആ സാഹചര്യത്തിൽ ഡീ-നോട്ടിഫൈ ചെയ്തുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ വീണ്ടുമൊരു പരിശോധനയ്ക്ക് വിധേയമാക്കുക എന്ന സ്ഥിതി തുടരുകയെന്നുള്ളതാണോ, അതോ കഴിഞ്ഞ തവണ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തും ഇതിന് വേണ്ടിയുള്ള ശ്രമം നടന്നിരുന്നു എന്ന് ഉത്തരം പറഞ്ഞിട്ട്, നിങ്ങളെല്ലാ കാര്യങ്ങളും പറയുമ്പോൾ മുൻകാലങ്ങളിൽ, മുൻ ഗവൺമെന്റിന്റെ കാര്യങ്ങളെയൊക്കെ ഉദാഹരിച്ചുകൊണ്ടാണ്, വസ്തുതയാണോ അല്ലയോ എന്നത് വേണമെന്നില്ല. ഉദാഹരണം പറഞ്ഞുകൊണ്ട് തടിതപ്പാൻ നോക്കുന്നൊരു സമീപനമാണ് പല കാര്യത്തിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനും ഞങ്ങൾക്ക് എതിർപ്പില്ല. അത് സ്വാഭാവികമാണ്. ഒരു ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ എടുക്കുന്ന നടപടികളെ സംബന്ധിച്ച് വിമർശിക്കുമ്പോൾ അതിന് മുമ്പുള്ള ഗവൺമെന്റ് എടുത്ത നടപടിയെക്കുറിച്ച് ഗുണമോ ദോഷമോ എന്ന് നോക്കി ഉദാഹരണമായി എടുക്കുന്നത് സാധാരണ നടപടിയാണ്. നിങ്ങൾ ചെയ്തിട്ടുള്ളത് തെറ്റായിട്ട് പറയുകയല്ല. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ ഞങ്ങൾക്ക് കിട്ടിയ റിപ്പോർട്ടുക

ളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇതിനുവേണ്ടി സാങ്ഷൻ കൊടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത് ശരിയല്ല എന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അതിനോട് സഹകരിക്കുക എന്ന നിലപാട് നിങ്ങൾ സ്വീകരിക്കുമെന്നാണ് ആശിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് മുൻകൈയെടുത്തതെന്നും അദ്ദേഹം പറയുകയുണ്ടായി. അത് ശരിയാണെങ്കിൽ ഞങ്ങൾക്കെതിർപ്പില്ല. മറിച്ചാണെങ്കിൽ അത് സംബന്ധിച്ച് ഞങ്ങൾക്ക് കിട്ടിയ അഭിപ്രായങ്ങളുടെയും എതിർപ്പുകളുടെയും അടിസ്ഥാനത്തിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അത് മുന്നോട്ട് കൊണ്ടുപോകുന്നത് ശരിയല്ല എന്നുള്ള നിലയിൽ ഞങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിക്കേണ്ടി വരും. പരിസ്ഥിതി പഠനം എന്നത് അന്നോ, ഇന്നോ, എപ്പോൾ വേണമെങ്കിലും നമുക്ക് നടത്താവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൊണ്ടുപോകാൻ സന്നദ്ധമാണോ അതോ ഞങ്ങളുടെ എതിർപ്പ് വന്നോട്ടെ എന്ന സ്ഥിതി വച്ചൊരു നിലപാടാണോ എടുക്കാൻ പോകുന്നതെന്നറിഞ്ഞാൽ തരക്കേടില്ല. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ എങ്ങനെ ചിന്തിക്കുന്നു എന്നറിഞ്ഞാൽ തരക്കേടില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഇതു സംബന്ധിച്ച് നേരത്തെ ഈ സഭയിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമായി അറിയിച്ചിട്ടുണ്ട്. ആറന്മുള എയർപോർട്ടിന് കഴിഞ്ഞ ഗവൺമെന്റ് എല്ലാ അനുമതിയും കൊടുത്തിട്ടുള്ളതാണ്. ഞങ്ങൾ അത് പരിശോധിച്ചു. ആറന്മുള എയർപോർട്ട് വേണമെന്ന നിലപാടാണ് ഗവൺമെന്റ് ഇന്ന് എടുത്തിരിക്കുന്നത്. പക്ഷെ ആറന്മുള എയർപോർട്ടിന് വേണ്ടത് 500 ഏക്കർ സ്ഥലമാണ്. നിങ്ങൾ നോട്ടിഫൈ

ചെയ്തിരിക്കുന്നത് അതിന്റെ രണ്ടിരട്ടിയോ മൂന്നിരട്ടിയോ സ്ഥലമാണ്. ഞാൻ ഈ സഭയിൽ പറഞ്ഞതാണ്, ഈ 500 ഏക്കർ ഒഴികെയുള്ള മുഴുവൻ സ്ഥലങ്ങളും ഈ നോട്ടിഫിക്കേഷനിൽ നിന്നൊഴിവാക്കും. കാരണം അവിടത്തെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമതാണ്. ഡീ-നോട്ടിഫൈ ചെയ്യും. കാരണം, അവർക്ക് വേറൊരു ആവശ്യത്തിന് ആ ഭൂമി ഉപയോഗിക്കാൻ കഴിയുന്നില്ല. ഞാൻ ഡീ-നോട്ടിഫൈ ചെയ്യുമെന്ന് പറഞ്ഞ സമയം കഴിഞ്ഞു. എന്തുകൊണ്ടാണെന്നു ചോദിച്ചാൽ പഴയ നോട്ടിഫിക്കേഷന്റെ പ്രശ്നമാണ്. ആ മൂന്ന് വില്ലേജുകളിലെ സർവ്വേ നമ്പരുകളെല്ലാം കൂടി എടുത്തിട്ടിരിക്കുയാണ്. ഏതാണ് എയർപോർട്ടിന് വേണ്ടത്, ഏതാണ് വേണ്ടാത്തത് എന്ന് തിരിച്ചറിയാൻ കഴിയാത്ത തരത്തിലാണ്. ആരെയെങ്കിലും വേദനിപ്പിക്കുന്നു എന്ന് പറയരുത്, കാരണം, അതിരുകളില്ലാത്ത ലോകത്തിലേയ്ക്ക് പോകാനാണ് ചെയ്തത്. അപ്പോൾ തെരഞ്ഞെടുപ്പ് വന്നുപെട്ടു. അതിന് മുമ്പ് നോട്ടിഫിക്കേഷൻ വേണം. നോട്ടിഫിക്കേഷൻ എന്നാണ് കൊടുത്തത് എന്നറിയാമോ? നോട്ടിഫിക്കേഷൻ കൊടുത്തത് മാർച്ച് ഒന്നാം തീയതി. ഫെബ്രുവരി 20-ാം തീയതി ഓർഡറായി. സിംഗിൾ വിൻഡോ ക്ലിയറൻസ് വരുന്നത് 2011 മാർച്ച് ഒന്നാം തീയതി. മാർച്ച് ഒന്നിന്റെ ഇംപോർട്ടൻസ് അറിയാമല്ലോ? ഇലക്ഷൻ കമ്മീഷൻ കേരളത്തന്റെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പെരുമാറ്റ ചട്ടം വന്ന ദിവസമാണ്. ആ ധൃതിക്കിടയിൽ മൂന്നു വില്ലേജുകളിലെ നമ്പരുകളെല്ലാം കൂടി കശക്കിയെടുത്തിട്ടു. ഇപ്പോൾ ഞങ്ങളത് വേർതിരിച്ചെടുക്കാൻ നോക്കിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും സാധിച്ചിട്ടില്ല ,പക്ഷെ ഞാനെന്റെ ഉറപ്പ് പാലിച്ചിരിക്കും. 500 ഏക്കറിൽ കൂടുതൽ നോട്ടിഫൈ ചെയ്തിട്ടുള്ളത് മുഴുവൻ ഡീ-നോട്ടിഫൈ ചെയ്യും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നിങ്ങൾ

ഇക്കാര്യത്തിൽ ചില തീരുമാനങ്ങളെടുത്തു ഈ ഗവൺമെന്റും ഇതൊക്കെ തന്നെയാണോ എടുക്കുന്നതെന്നും ഇവിടെ ചോദിക്കുകയുണ്ടായി. 26.9.2011-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് നിങ്ങൾ അയച്ച ഒരു കത്ത് ഞങ്ങളുടെ കൈവശമുണ്ട്. Government is keen on supporting and encouraging promising project of this nature involving wide public interest ഇതാണ് നിങ്ങൾ പറഞ്ഞത്, ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് പെർമിഷനുവേണ്ടി അയച്ചതാണ്. ആ കത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ പെർമിഷൻ കൊടുക്കുന്നത്. നിങ്ങൾ ചെയ്യേണ്ടതൊക്കെ ചെയ്തു. ആകെക്കൂടി ശ്രീ. മുല്ലക്കര രത്നാകരൻ ചോദിച്ച ചോദ്യം, നിങ്ങൾ എന്തിനാണ് 10 ശതമാനം ഷെയർ എടുത്തതെന്നാണ്. അദ്ദേഹത്തിനത് അറിയില്ലായിരുന്നു. ഞങ്ങളാകെ ചെയ്ത തെറ്റ് നിങ്ങൾ 3 ശതമാനത്തിൽ തീർത്തത് ഞങ്ങൾ 10 ശതമാനത്തിൽ തീർത്തുവെന്നേയുള്ളൂ. പൈസ കൊടുക്കാതെ....

ശ്രീ. മുല്ലക്കര രത്നാകരൻ: ഞങ്ങളുടെ എതിർപ്പ് പറഞ്ഞു. ഞാൻ മനസ്സിലാക്കുന്നത് അങ്ങേയ്ക്ക് തന്നെ അങ്ങയുടെ പാർട്ടി നേതാവ് ശ്രീ. വി. എം. സുധീരൻ തുറന്ന കത്തയച്ചപ്പോൾ, നമ്മൾ കേരളത്തിലുള്ള എല്ലാ ശബ്ദങ്ങളെയും പ്രത്യേകിച്ച് അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ അങ്ങേയ്ക്ക് ഫെയ്സ് ചെയ്യാനും അഡ്രസ്സ് ചെയ്യാനുമുള്ള ബാധ്യതയുണ്ട്. അതിനെക്കുറിച്ചുകൂടി പരിഗണിക്കണ്ടേ? ഈ തീരുമാനത്തിൽ അങ്ങേയ്ക്ക് പ്രതിപക്ഷമായി നിൽക്കുന്നത് ഇവിടെയിരിക്കുന്ന പ്രതിപക്ഷം മാത്രമല്ല, കോൺഗ്രസ് നേതൃത്വത്തിലെ ഒരു പങ്കും കേരളത്തിലെ വലിയ കോൺഗ്രസ്

നേതാവായ ശ്രീ. വി. എം. സുധീരനുമുൾപ്പെടെ ഇക്കാര്യത്തിൽ ഒരു പ്രതി പക്ഷ സ്വരം പ്രകടിപ്പിക്കുന്നുണ്ട്. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാനൊരു കാര്യം വ്യക്തമാക്കാം. ഈ തീരുമാനം, കോൺഗ്രസ് പാർട്ടിയിലും യു.ഡി.എഫ്-ലും ചർച്ച ചെയ്തതിനു ശേഷം എടുത്ത തീരുമാനമാണ്. നിങ്ങളെടുത്ത നടപടികൾ മുഴുവൻ പരിശോധിച്ചു. പരിശോധിച്ചപ്പോൾ ഇത് പ്രയോജനം ചെയ്യും; ആറന്മുള എയർപോർട്ട് വരുന്നതോടുകൂടി തിരുവനന്തപുരത്തിനും കൊച്ചിക്കും ദോഷം ചെയ്യുമെന്ന് അങ്ങ് അവസാനം പറഞ്ഞല്ലോ, അതിന്റെ അർത്ഥമെന്താണ്? ആറന്മുള എയർപോർട്ട് വലിയ വിജയമാണെന്നാണ്. തിരുവനന്തപുരത്തിനും കൊച്ചിക്കും കണ്ണൂരിനും കോഴിക്കോടിനും ഒരു ദോഷവും ചെയ്യില്ല, അത് നമ്മുടെ നാടിന്റെ വളർച്ചയാണ് സൂചിപ്പിക്കുന്നത്. ഈ കൊച്ചുകേരളത്തിൽ മൂന്ന് ഇന്റർനാഷണൽ എയർപോർട്ട്, ആ സമയത്താണ് കണ്ണൂർ എയർപോർട്ടിനെക്കുറിച്ച് ചിന്തിക്കുന്നത്. ഇനി നാലാമതൊരു എയർപോർട്ടിന് സ്കോപ്പുണ്ടോ എന്ന് എല്ലാവരും ചോദിച്ചു. അവിടെ ഏണസ്റ്റ് ആന്റ് യംഗ് കമ്പനിയെക്കൊണ്ട് സ്റ്റഡി നടത്തി പ്രോജക്ട് റിപ്പോർട്ട് വന്നപ്പോൾ ഈ നാലു എയർപോർട്ടിൽ ഏറ്റവും മെച്ചം കണ്ണൂരായിരിക്കുമെന്നാണ് അതിനകത്ത് എഴുതിയിരിക്കുന്നത്. നമ്മുടെ സാദ്ധ്യതകളും അവസരങ്ങളും വർദ്ധിക്കുകയാണ്, അപ്പോൾ അതനുസരിച്ചുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് അത്യാവശ്യമാണ്. നിങ്ങൾ പറയുന്ന ഏത് പ്രായോഗികനിർദ്ദേശവും കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളെടുത്ത തീരുമാനം അതേപടി നടപ്പിലാക്കിയാൽ കുഴപ്പമില്ല എന്ന് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞു. ഞങ്ങൾ അതേപടി നടപ്പിലാക്കാം,

അങ്ങനെയാകാം. പക്ഷേ നിങ്ങൾ മിച്ചഭൂമി എന്നുപറയുന്നത് എന്താണെന്ന് അറിയണം. ആരെങ്കിലും മിച്ചഭൂമിയായി ഡിക്ലയർ ചെയ്തിട്ടുള്ള ഭൂമി ഇവർ വാങ്ങിയതല്ല. പലരുടെ കൈയിൽ നിന്ന് വാങ്ങിയ ഭൂമി 15 ഏക്കറിൽ കൂടുതലുള്ളതിനാൽ പെർമിഷൻ കൊടുത്തിട്ടില്ല എന്നുള്ള സാങ്കേതികത്വം പറഞ്ഞാണ്. 08.09.2010-ൽ ഇതിന് തത്വത്തിൽ അനുമതി കൊടുത്തുകൊണ്ട് ഒരു ഓർഡർ ഇറക്കി. ആ ഓർഡറിനകത്ത് ഈ എയർപോർട്ടിന്റെ ആവശ്യകതയും കാര്യങ്ങളുമെല്ലാം പറഞ്ഞശേഷം, പദ്ധതിയുടെ നടത്തിപ്പിനായി കമ്പനിയുടെ പ്രൊമോട്ടർമാർ താഴെപ്പറയുന്ന ക്ലിയറൻസുകളാണ് പരാമർശം (1)-ൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഒന്ന്, എയർപോർട്ടിനുവേണ്ടി എൻ.ഒ.സി. നൽകുക. രണ്ട്, അധികഭൂമി കൈവശം വയ്ക്കുന്നത് സംബന്ധിച്ച് സീലിംഗ് നിയമത്തിൽ ലാന്റ് റിഫോംസ് ആക്ട് 1963-ൽ നിന്നും കമ്പനികളെ ഒഴിവാക്കുക, മൂന്ന്, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിന്നും ഇളവ് നൽകുക, നാല്, ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ കീഴിൽ 150 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുത്തു നൽകുക. ഈ നാലു കണ്ടിഷൻസ് വച്ചിട്ട് അതിനിടയിലാണ് നിങ്ങൾ തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു എന്ന് കൊടുത്തത്. ഇപ്പോഴൊരു സാങ്കേതികത്വമാണ് പറയുന്നത്. പക്ഷേ ഒന്ന് ഞാൻ പറയാം. മിച്ചഭൂമിയായി ഇവിടത്തെ പാവപ്പെട്ടവന് കിട്ടേണ്ട ഭൂമിയിൽ ഒരു സെന്റ് സ്ഥലമെങ്കിലും ഇവർ വാങ്ങിയിട്ടുണ്ടെങ്കിൽ ആ ഭൂമി ഇവിടത്തെ പാവപ്പെട്ടവർക്ക് ഞങ്ങൾ തിരിച്ചുകൊടുക്കും. പക്ഷേ ഇവിടെ പറയുന്നത് സാങ്കേതികത്വമാണ്. കാരണം, ഇവർ ഈ പ്രോജക്ടിനുവേണ്ടി പലരുടെ കൈയിൽ നിന്ന് വാങ്ങിക്കൂട്ടിയപ്പോൾ 15 ഏക്കറിൽ കൂടുതൽ വന്നപ്പോഴാണ് ഇത് മിച്ചഭൂമിയായത് എന്നാണ്. ആ ഓർഡർ തത്വത്തിൽ അംഗീകരിച്ചിരിക്കുന്നുവെന്ന് നിങ്ങൾ തന്നെ കൊടുത്തിരിക്കുകയാണ്. അവ

രുടെ റിക്വസ്റ്റ് ചൂണ്ടിക്കാണിച്ചിട്ട് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുകയാണ്

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് ചോദിച്ചത് അങ്ങയോടും ചോദിക്കുകയാണ്. മിച്ചഭൂമിയെ സംബന്ധിച്ച് അങ്ങ് വളരെ വ്യക്തമായി പറഞ്ഞു, മിച്ചഭൂമിയുണ്ടെങ്കിൽ അത് തിരികെ പാവങ്ങൾക്ക് കൊടുക്കുമെന്ന്. ഗവൺമെന്റ് പുറമ്പോക്ക് ഭൂമി മണ്ണിട്ട് നികത്തിയെടുത്തു എന്ന കളക്ടറുടെ റിപ്പോർട്ടിന്മേൽ ആ സ്ഥലം കമ്പനിക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ലെങ്കിൽ തിരികെ സർക്കാർ കൈവശം വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവിടെ ഗവൺമെന്റിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് നിയമപരമായ നടപടി മാത്രമേ സ്വീകരിക്കുകയുള്ളൂ. മിച്ചഭൂമിയെ സംബന്ധിച്ച് ഇവിടെ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കാൻ ശ്രമിക്കുന്നു, അത് ശരിയല്ല. മിച്ചഭൂമി എന്നു പറയുന്നത് ആരുടെയെങ്കിലും മിച്ചഭൂമിയായി പാവപ്പെട്ടവന് കൊടുക്കാൻ അർഹതപ്പെട്ട ഭൂമി വാങ്ങിക്കൂട്ടിയതല്ല. ഈ സീലിംഗ് എക്സംപ്ഷൻ ഔദ്യോഗികമായി കൊടുത്തിട്ടില്ല എന്നതിന്റെ പേരിലാണ്. അത് നിങ്ങളുടെ ഗവൺമെന്റ് ഓർഡറിൽ തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു എന്നുപറയുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ആ ക്യാബിനറ്റ് നോട്ടാണ് വായിക്കുന്നതെങ്കിൽ, ആ ക്യാബിനറ്റിൽ എടുത്ത തീരുമാനം, അങ്ങ് വായിച്ച തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു എന്നു പറയുന്നതിന്റെ താഴെ ഈ കമ്പനി തന്നെ ഭൂമി കണ്ടെത്തുകയും കേരളത്തിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങൾക്കും വിധേയമായി മാത്രം തത്വത്തിൽ അംഗീകാരം കൊടുത്തുവെന്ന് പറയുന്നതുംകൂടി വായിച്ചാലേ അത് പൂർണ്ണമാവുകയുള്ളൂ.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇവരുടെ ആവശ്യങ്ങൾ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്ന് പറഞ്ഞിട്ട് താഴെ തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഏതായിരുന്നാലും അങ്ങുകൂടി ഇരുന്ന ക്യാബിനറ്റിൽ ഇങ്ങനെ ഒരു തീരുമാനമെടുത്തു എന്ന് പറഞ്ഞതിന് വളരെ നന്ദിയുണ്ട്. നമുക്ക് വിവാദങ്ങളല്ല വേണ്ടത്. നമുക്ക് കാര്യങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഭരിക്കുന്ന സമയത്ത് ആറന്മുള എയർപോർട്ട് വേണം, അതിന് ഞങ്ങൾക്ക് കീൻ ഇന്ററസ്റ്റാണ് എന്നു പറയുന്നു. ഇലക്ഷൻ ഡിക്ലറേഷൻ വരുന്ന ആ ദിവസം എന്തു തെറ്റുവന്നാലും ശരി, നോട്ടിഫിക്കേഷൻ ഇറക്കണമെന്നുവച്ച് നോട്ടിഫിക്കേഷൻ ഇറക്കുകയും പ്രകടനപത്രികയിൽ എഴുതി വയ്ക്കുകയും ചെയ്യുന്നു. നിങ്ങൾ അധികാരം വിട്ടൊഴിഞ്ഞപ്പോഴേയ്ക്കും ഇതെല്ലാം ഭൂമാഫിയായി, ഭൂമി കയ്യേറ്റമായി, എല്ലാ തർക്കങ്ങളുമായി. 2007-ൽ ഇവിടെ വന്ന നെൽവയൽ-തണ്ണീർത്തടനിയമം നമ്മൾ ഐകകണ്ഠേന പാസ്സാക്കിയതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യ മനസ്സിലാക്കണം, നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധം ഭൂമി കൈമാറ്റം ചെയ്യാനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വിവരം അങ്ങയെ അറിയിക്കാൻ 2010-ലാണ് അങ്ങ് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തത്

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, നെൽവയൽ-തണ്ണീർത്തട നിയമത്തെ ഒഴിവാക്കിക്കൊണ്ട് നടപടിയെടുക്കാൻ ഒരു മുഖ്യമന്ത്രിയും പറഞ്ഞിട്ടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഏത് റെപ്രസെന്റേഷനിലാണ് ഇത് എഴുതുന്നതെന്ന് ഓർക്കണം. അതിനകത്ത് ഇവർക്കാവശ്യമായിട്ടുള്ളതെല്ലാം എഴുതിയിട്ടുണ്ട്. ഔദ്യോഗികമായിട്ടാണ് എഴുതിയിരിക്കുന്നത്. സത്വരനടപടികൾ സ്വീകരിക്കുക എന്നു പറഞ്ഞാൽ പോലും വേണമെങ്കിൽ കളക്ടർക്ക് ഇതിന് ഇന്ന

യിന്ന തടസ്സങ്ങൾ ഉണ്ടെന്നു പറഞ്ഞു തിരിച്ചയയ്ക്കാം. പക്ഷേ ഇവിടെ സത്വ രനടപടികൾ സ്വീകരിക്കുക എന്നുമാത്രമല്ല സത്വരനടപടികൾ സ്വീകരിച്ച് വിവരമറിയിക്കുക എന്നാണ്. ആരെ അറിയിക്കണം? ഇങ്ങനെ ഒരു നയം മാറു ന്നത് ശരിയാണോ എന്ന് നിങ്ങൾ ചിന്തിക്കണം. ഞങ്ങൾ ആരെയും വേദനി പ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. ഈ റിക്കോർഡുകൾ എല്ലാമുണ്ടായിട്ടും ഞങ്ങൾ ഇതുവരെ എന്തെങ്കിലും പറഞ്ഞോ? നിങ്ങൾ ആറന്മുളയിൽ പോയി യോഗം നടത്തി, സമരം നടത്തി. ഞങ്ങൾ പറഞ്ഞില്ല. പക്ഷേ ഈ നിയമസ ഭയിൽ വന്ന് അവതരിപ്പിച്ചപ്പോൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ബഹുമാ നപ്പെട്ട സി. ദിവാകരൻ, ഞങ്ങളാരെയും വേദനിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. ഈ സഭയിൽ പറഞ്ഞപ്പോൾ ഞങ്ങൾക്ക് പറയാതിരിക്കാൻ സാധിക്കുമോ? ഈ സഭയ്ക്ക് പുറത്ത് എന്തെല്ലാം പറഞ്ഞു? ഞങ്ങളൊന്നും പറഞ്ഞില്ലല്ലോ; ശ്രീ. മുല്ലക്കര രത്നാകരൻ അവിടെ പോയി പ്രസംഗിച്ചു. ഞങ്ങളുടെ കൈവശം ഈ രേഖകൾ ഉണ്ടായിട്ടും ഞങ്ങളൊന്നും പറഞ്ഞില്ല. പക്ഷേ ഇവിടെ വന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് പറയാതിരിക്കാൻ നിവൃത്തിയില്ലാതെ വന്നു. അതുകൊണ്ട് പറഞ്ഞതാണ്. നമുക്ക് വിവാദങ്ങളല്ല ആവശ്യം. നാടിന്റെ ആവശ്യങ്ങൾ, വികസനം അത് നടപ്പിലാക്കുന്നതിന് യോജിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ആ ഒരു സഹകരണമുണ്ടാകണം. അതിന കത്ത് ഞങ്ങൾ തെറ്റായ ഒരു കാര്യവും ചെയ്യില്ല. നിങ്ങളുടെ എന്തുനിർദ്ദേശം ഉണ്ടെങ്കിലും ഞങ്ങളത് ഉൾക്കൊള്ളാൻ തയ്യാറാണ്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, ഇത് സംബന്ധിച്ച് ഞങ്ങളെടുത്ത നിലപാടിനെതിരായി ശ്രീമതി സുഗതകുമാരിയും നിങ്ങളെടുത്ത നിലപാടിനെതിരായി ശ്രീ. വി. എം. സുധീരനും അടക്കമുള്ള വിപുലമായ ഒരു ജനസഞ്ചയം ഇതിനെ ശക്തിയായി എതിർക്കുകയാണ്. ആ സാഹചര്യത്തിൽ ഇവ പുന:പരിശോധിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ധൃതിപിടിച്ചുള്ള നടപടി പാടില്ല എന്നുമാണ് ഞങ്ങളുടെ അഭിപ്രായം. അതല്ല നടപ്പിലാക്കിയേ പറ്റൂ എന്നാണ് നിങ്ങളുടെ വിശദീകരണത്തിൽ നിന്ന് മനസ്സിലാകുന്നത്. അതിനുവേണ്ടി ഞങ്ങളുടെ കുറേ നടപടികളെ കൂടി ഉദാഹരണമായി ചൂണ്ടിക്കാണിച്ച് നടപടിയെടുക്കുക എന്നതാണ്. ഇനി ഇപ്പോൾ 2013-ലോ 2014-ലോ തെരഞ്ഞെടുപ്പ് വന്നാൽ തെരഞ്ഞെടുപ്പ് കണ്ടിട്ടാണെന്ന് പറയുന്നില്ല. തെരഞ്ഞെടുപ്പ് കണ്ടുകൊണ്ട് നോട്ടിഫിക്കേഷൻ ഇറക്കിയ ഞങ്ങളാണ് മടയന്മാർ. നിങ്ങൾ ഏറെ ബുദ്ധിമാൻമാരായതുകൊണ്ട് നിങ്ങൾക്ക് ആ അബദ്ധങ്ങളൊന്നും വരില്ല. ഏതായാലും ഇത് പെട്ടെന്ന് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും അഭിപ്രായപ്രകടനത്തിൽ അത് സ്വീകരിക്കുന്ന ഒരു മൂഡ് കാണുന്നില്ല എന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഈ നീക്കത്തെ ശക്തിയായി പ്രതിഷേധിക്കുന്നു. അതിനോടുള്ള നിങ്ങളുടെ എതിർപ്പ് പരാജയപ്പെടുത്താൻ; അവിടെ വിമാനത്താവളം വരാതിരിക്കാൻവേണ്ടി ഇടതുപക്ഷജനാധിപത്യ മുന്നണിക്കും ഞങ്ങളെ അനുകൂലിക്കുന്ന ജനങ്ങൾക്കും എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യേണ്ടിവരുമെന്ന മുന്നറിയിപ്പ് നൽകിക്കൊണ്ടും ഇതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടും ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: വിമാനത്താവളത്തിന്റെ നടപടികളെല്ലാം നിറുത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചത്. അടിയന്തര പ്രമേയത്തിൽ രണ്ടുമൂന്ന് കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആ വിഷയങ്ങളിലൊന്നിനും സമുചിതമായ മറുപടിയല്ല റവന്യൂവകുപ്പുമന്ത്രി നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി, അങ്ങ് പറയുന്നതെല്ലാം പള്ളിക്കൂടത്തിലിരിക്കുന്ന കുട്ടിയെപ്പോലെ കേട്ടുകൊണ്ടിരുന്ന പാവമാണ് ഞാൻ. ഞാൻ പറയുന്ന കാര്യങ്ങൾ കൂടി അങ്ങ് കേൾക്കണം. നിങ്ങളെല്ലാം അടിയന്തരപ്രമേയം അവതരിപ്പിച്ച് കഴിയുന്നതോടെ നിങ്ങളുടെ ബിസിനസ്സിലേയ്ക്ക് പോവുകയാണ്. ഞങ്ങൾ ഇവിടെ വെറുതെ സംസാരിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. വലിയ സങ്കടമാണിത്. നിയമസഭാനടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അടിയന്തരപ്രമേയവും അതിന്റെ മറുപടിയും അതിനുശേഷം വാക്കൗട്ട് ചെയ്യുമ്പോൾ നടത്തുന്ന അഭിപ്രായ പ്രകടനങ്ങളും. ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിൽ വിവാദമുണ്ടാക്കേണ്ട കാര്യമില്ലായെന്ന് മുഖ്യമന്ത്രി പറഞ്ഞതിനോട് എനിക്ക് **വിയോജിപ്പാണുള്ളത്**. അവിടത്തെ ജനങ്ങൾ വ്യാപകമായ പ്രതിഷേധത്തിലാണ്. അവരുടെ ഭൂമി പോകുമോ, അവിടത്തെ പ്രകൃതി സംരക്ഷിക്കപ്പെടുമോ തുടങ്ങിയ കാര്യങ്ങളിൽ അവിടെയുള്ള ജനങ്ങൾക്ക് ഒരുപാട് ഉത്കണ്ഠയുണ്ട്. അവിടെയുള്ള സർക്കാരിന്റെ പുറമ്പോക്ക് ഭൂമി നികത്തി കെ.ജി.എസ് ഗ്രൂപ്പുകാർ കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് ജനങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ ആ സ്ഥലത്ത് പോയിരുന്നു. അവിടെത്തെ വെള്ളംകിട്ടുന്ന സ്ഥലമെല്ലാം കെ.ജി.എസ് ഗ്രൂപ്പ്

നികത്തിയെടുത്തിരിക്കുകയാണ്. നമ്മളെല്ലാം ജനപ്രതിനിധികളല്ലേ. ജനങ്ങളെ എങ്ങനെ അവിശ്വസിക്കുവാൻ സാധിക്കും. ഞാൻ അവിടെ പോയപ്പോൾ എനിക്ക് പറഞ്ഞു തന്ന കാര്യമാണ്. റവന്യൂവകുപ്പ് മന്ത്രിക്കുള്ളതുപോലെ പരമമായ ജ്ഞാനമൊന്നും എനിക്കില്ല. എനിക്ക് വലിയ മാനസിക വിഷമമുണ്ടെന്ന് അങ്ങ് പറഞ്ഞത് എന്നെപ്പറ്റി അറിയാതെ പറഞ്ഞതാണ്. എനിക്ക് ഒന്നിനെക്കുറിച്ചും, താങ്കളെക്കുറിച്ചുപോലും ഒരു വിഷമമവുമില്ല. താങ്കളെക്കുറിച്ച് വിഷമിക്കേണ്ട കാര്യമുണ്ട്, എന്നിട്ട് പോലും എനിക്ക് വിഷമമില്ല. ആര് എന്ത് പറഞ്ഞാലും എനിക്ക് തർക്കമൊന്നുമില്ല. എനിക്ക് മറുപടി പറയാൻ അറിയാം. ഇവിടെ വിഷയം അതല്ല. ഇവിടെ വിമാനത്താവളം വരുന്നതിന് ലോക്കൽ ആളുകളും പ്രാദേശിക സംഘടനകളും പരിസ്ഥിതി സംഘടനകളും സാംസ്കാരിക നായകന്മാരും വിശ്വാസികളുമെല്ലാം എതിരാണ്. അവിടെയുള്ള ജനങ്ങളുടെ വികാരത്തെ മാനിക്കുവാൻ ഏറ്റവും കൂടുതൽ ബാദ്ധ്യസ്ഥൻ പത്തനംതിട്ടയുടെ മന്ത്രിയായ അങ്ങല്ലേ? അങ്ങ് പോലും ആറന്മുള പ്രദേശത്തുള്ള ആളുകളുടെ വികാരം മാനിക്കാതെ പണ്ടത്തെ ഏതോ കടലാസ്സെല്ലാമെടുത്ത് ഉദ്ധരിച്ചതുകൊണ്ട് ഞങ്ങൾ ഇവിടെ വിജയിച്ചുവെന്ന ധാരണയാണ് ഉള്ളതെങ്കിൽ അത് വലിയ മൗഢ്യമാണ്. കടലാസ്സുകൾ ഞങ്ങളുടെ കയ്യിലുമുണ്ടെന്നുള്ള കാര്യം ഓർമ്മ വേണം. അതിന് നിങ്ങളുടെ സൗജന്യമൊന്നും വേണ്ട. എടുക്കേണ്ട സമയത്ത് എടുക്കാം. ഒരുപാട് രേഖകൾ ഹാജരാക്കിയാൽ നിങ്ങൾക്ക് തലയിൽ മുണ്ടിട്ട് പുറത്ത് പോകേണ്ടി വരും. അതിനെപ്പറ്റിയൊന്നും പറയണ്ട. രാജ്യത്തെ പത്ര മാധ്യമങ്ങൾ അതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട്, ഞങ്ങളെ തോൽപ്പിക്കാമെന്ന് കരുതി നിങ്ങൾ ഏതോ ഒരു കടലാസ് ഇവിടെ കൊണ്ടുവന്നു, ശ്രീ. സി. ദിവാകരന് മാനസിക വിഷമമൊന്നും വേണ്ടായെന്ന് പറയുകയും ചെയ്തു. ഈ വിമാനത്താവളം

എനിക്കുള്ളതാണോ? വിമാനത്താവളം ആർക്കുള്ളതാണെന്നും അത് ഡൽഹിയിൽ നിന്ന് വരുന്നതാണെന്നുമുള്ള കാര്യം എല്ലാവർക്കും അറിയാമല്ലോ. ഇതിന്റെ കഥകളൊക്കെ പിന്നീട് അറിയാം. അതുകൊണ്ട് എനിക്ക് പറയാനുളളത് ഒന്ന്, നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിക്കണം രണ്ട്, പ്രാദേശിക ജനങ്ങളുടെ വികാരങ്ങളെ മാനിക്കണം, മൂന്ന്, ഗവൺമെന്റ് പുറമ്പോക്ക് സ്ഥലം നികത്തിയിട്ടുണ്ടെന്നാണ് കളക്ടറുടെ റിപ്പോർട്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ നടപടികൾ എടുക്കണം. ഇതെല്ലാം സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കണം. വിധേയമാക്കിക്കൊണ്ട് ആർക്കും പ്രശ്നമില്ലെങ്കിൽ ജനങ്ങളെ മാനിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ ഒരു പരിഷ്കൃത ജനാധിപത്യ ഗവൺമെന്റിന് ബാധ്യതയുണ്ടെന്ന കാര്യമാണ് ഞങ്ങൾ പ്രധാനമായി ഉന്നയിക്കുന്നത്. ഞങ്ങൾ അനുവദിച്ചോ നിങ്ങൾ അനുവദിച്ചോ എന്നതല്ല പ്രശ്നം. ആര് അനുവദിച്ചാലും കുറേ ജനങ്ങൾ എതിരാണെങ്കിൽ തീർച്ചയായും ആ ജനവികാരത്തെ മാനിക്കാൻ നിങ്ങൾ ബാധ്യസ്ഥരാകണം. വേണ്ടയോ വേണമോ എന്നുള്ളതല്ല. ജനാധിപത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രാദേശികമായ ജനങ്ങളുടെ വികാരത്തെ മാനിക്കുക, അവരുടെ നിവേദനങ്ങൾ പരിശോധിക്കുക എന്നുള്ളതാണ്. അവരുടെ മെമ്മോറാണ്ടങ്ങളുടെ വലിയ കെട്ട് തന്നെ മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് ന്യായമായ കാര്യങ്ങൾ, അന്യായമായി ജനങ്ങളെ പീഡിപ്പിക്കാതെ അവിടത്തെ ഗവൺമെന്റ് സ്ഥലം അന്യായമായി പതിച്ചുകൊടുക്കാതെ നടപടികൾ ഫെയറായി എടുക്കണമെന്ന് മാത്രമാണ് പറയാനുള്ളത്. ഇതുവരെ നടന്നിട്ടുള്ള നടപടികളെല്ലാം, അൺ ഫെയർ ഡീൽ ഇതിനകത്തുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അതൊന്നും സമഗ്രമായി ചർച്ച ചെയ്യാൻ ഇവിടെ അനുവദിച്ചിട്ടില്ല. അടിയന്തര പ്രമേയത്തിന് അനുവാദം

നിഷേധിച്ചിരിക്കുന്നു. ഇത്രയും ഗൗരവമുള്ള വിഷയം ചർച്ച ചെയ്യുവാൻ അനുവദിച്ചില്ല. നിങ്ങളുടെ കയ്യിലാണ് ഏറ്റവും കൂടുതൽ തെളിവുകളുള്ളത്. പിന്നെന്തുകൊണ്ടാണ് ചർച്ചയിൽ നിന്ന് ഒളിച്ചോടുന്നത്? ചർച്ച ചെയ്യണ മെന്ന് ഞങ്ങളാണ് ആവശ്യപ്പെടുന്നത്. എല്ലാ രേഖകളും പുറത്തു കൊണ്ടുവ രണം. ആരാണ് ഇതിന്റെ ഉത്തരവാദി; എന്തുകൊണ്ട് നിങ്ങൾ ചർച്ച അനുവദി ച്ചില്ല? ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹ ത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ റ്റി. തോമസ്: സ്പീക്കർ സർ, വിമാനത്താവളം കൊണ്ടുവരു ന്നതിനുവേണ്ടി ധൃതി(ugly haste) കാണിക്കുകയാണ്. ആറന്മുള ഒരു പൈതൃക ഗ്രാമമാണ്. ശ്രീ. കെ. ശിവദാസൻ നായർ അക്കാര്യത്തിൽ യോജി ക്കുമെന്നാണ് തോന്നുന്നത്. ഒരു പൈതൃക ഗ്രാമത്തിന്റെ എല്ലാ പരിശുദ്ധിയു മുള്ള, ആറന്മുള ക്ഷേത്രമടക്കമുള്ള പുണ്യസ്ഥലങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങൾ അങ്ങേയറ്റം ആശങ്കാകുലരാണ്. അക്കാര്യത്തിലൊരു സംശയവുമില്ല. ജനങ്ങളുടെ ആശങ്കയ്ക്ക് ഗവൺമെന്റ് പ്രഥമ പരിഗണന കൊടുക്കണം. നിയമവശങ്ങൾ അവിടെ നിൽക്കട്ടെ. ആ പ്രദേശത്തെ സാധാര ണക്കാരായ ആളുകൾ, അമ്പലത്തിൽ വിശ്വസിക്കുന്ന ആളുകൾ, പൈതൃക ഗ്രാമത്തിന്റെ പരിശുദ്ധി സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന സാധാരണ ക്കാരായ ജനങ്ങൾ, അവരുടെ ആശങ്കയ്ക്ക് ഒന്നാമത്തെ പരിഗണന കൊടു ക്കണം. എന്നാൽ ജനങ്ങളുടെ ആശങ്കയ്ക്ക് ഒരു വിലയും കൊടുക്കുന്നില്ല. ഇവിടത്തെ നിയമവ്യവസ്ഥകൾക്ക് വില കൊടുക്കണ്ടേ? മിച്ചഭൂമിയെ സംബ

സ്ഥിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വ്യാഖ്യാനം ശരിയാണോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അതു സംബന്ധിച്ച് ഞാൻ കുറച്ചുകൂടി പരിശോധിച്ചതിനുശേഷം നിയമസഭയിൽ പറയാം. മിച്ച ഭൂമി, കെ.ജി.എസ് ഗ്രൂപ്പ് വസ്തു വാങ്ങിയതിനുശേഷം മിച്ചഭൂമിയായി മാറിയ പ്രദേശമല്ല. മറിച്ച് മിച്ചഭൂമിയായിരുന്ന സ്ഥലം വാങ്ങി അത് ഉപയോഗിക്കുവാൻ പോകുന്നുവെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന അറിവ്. അതുസംബന്ധിച്ച് മുഖ്യമന്ത്രിക്കായിരിക്കും കുറച്ചുകൂടി ഔദ്യോഗികമായി പറയാൻ കഴിയുന്നത്. നമ്മൾ ഏകകണ്ഠമായി പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പോലും ഇവിടെ കാറ്റിൽപ്പറത്തുകയാണ് ചെയ്യുന്നത്. ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രി ഉത്തരവിട്ടുവെന്ന് പറഞ്ഞാൽ, അന്നത്തെ മുഖ്യമന്ത്രിക്കുപോലും ഒരു നിയമം നിഷേധിക്കുവാൻ വേണ്ടി ഉത്തരവിടുവാൻ സാധിക്കുമോ? സംസ്ഥാനത്ത് നിലവിലിരിക്കുന്ന നിയമത്തെ മറികടക്കാൻ ഏതെങ്കിലും മുഖ്യമന്ത്രിക്ക് ഏതെങ്കിലും കാലത്ത് ഉത്തരവിടാൻ കഴിമോ? അങ്ങനെ ഉത്തരവിടാൻ കഴിയില്ല. അങ്ങനെയൊരു ഉത്തരവില്ല. നിയമവ്യവസ്ഥക്ക് വിധേയമായിട്ടല്ലാതെ ഉത്തരവ് കൊടുക്കാൻ മന്ത്രിക്കോ, മുഖ്യമന്ത്രിക്കോ, പ്രധാനമന്ത്രിക്കുപോലും കഴിയില്ല. അങ്ങനെയാണെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇട്ട കുറിപ്പിനെ ഇത്തരത്തിൽ നിയമനിഷേധമായി വ്യാഖ്യാനിക്കേണ്ട കാര്യമില്ലായിരുന്നല്ലോ? ഈ പ്രദേശത്തെ കുന്നുകൾ ഇടിച്ചുകൊണ്ട്, പിതൃക്കളുടെ ശവകുടീരങ്ങൾ ഇല്ലാതാക്കിക്കൊണ്ട്, അവിടത്തെ ജനങ്ങളുടെ വികാരങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് ഒരു വിമാനത്താവളവും ഇവിടെ നിർമ്മിക്കാൻ കഴിയില്ല. ജനങ്ങളുടെ എതിർപ്പ് വലിയ പ്രശ്നമാണ്. പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് നിയമസഭാ സമിതി ഏകകണ്ഠമായി വച്ചിരിക്കുന്ന നിർദ്ദേശങ്ങൾ, അവർ കണ്ടെത്തിയിരിക്കുന്ന കാര്യങ്ങൾ

അവയെല്ലാം ഈ ഗവൺമെന്റ് ഗൗരവമായി എടുക്കണം. നിയമസഭ റിപ്പോർട്ടടക്കം എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ജനങ്ങളുടെ ആശങ്കയ്ക്ക് യാതൊരു വിലയും കൊടുക്കാതെ ഏകപക്ഷീയമായി എടുത്ത ഈ നടപടി, ഈ വിമാനത്താവളത്തിന്റെ പിന്നിൽ ഏതൊക്കെയോ അദൃശ്യ ശക്തികളുണ്ടെന്ന ആരോപണം ശരിവയ്ക്കുന്നതാണ്. ആ അദൃശ്യ ശക്തികൾ ആരൊക്കെയാണെന്ന് ഇവിടെ പറയാൻ തക്കവിധത്തിൽ ആധികാരികമായ ഒരു രേഖ എന്റെ കയ്യിലില്ല. പക്ഷേ നാട്ടിൽ സംസാരമാണ്. പ്രതിരോധ മന്ത്രാലയത്തിന്റേയും പരിസ്ഥിതി മന്ത്രാലയത്തിന്റേയുമെല്ലാം ക്ലിയറൻസ് നിമിഷങ്ങൾക്കുള്ളിൽ കിട്ടാൻ തക്കവണ്ണം ഡൽഹിയിൽ കെ.ജി.എസ് ഗ്രൂപ്പിന്റെ പിന്നൽ പ്രവർത്തിക്കുന്ന അദൃശ്യ ശക്തികളെ പുറത്തുകൊണ്ടുവരാനുള്ള സമയം ആഗതമായിരിക്കുന്നു. നിയമങ്ങൾ നിഷേധിച്ചുകൊണ്ടും ജനങ്ങളുടെ ആശങ്ക വളർത്തിക്കൊണ്ടുള്ളതുമാണ് ഈ വിമാനത്താവളത്തിന്റെ നിർമ്മാണം. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. എ. എ. അസീസ്</u>: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മറികടന്നും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചും ജനങ്ങളുടെ എതിർപ്പുകളെ വകവയ്ക്കാതെയും എയർപോർട്ട് നിർമ്മാണത്തിനായി കെ.ജി.എസ് ഗ്രൂപ്പ് മുന്നോട്ട് പോകുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഴിവിട്ട നിലയിലാണ് കമ്പനികൾക്ക് ഒത്താശ ചെയ്ത് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത് ആറന്മുളയിൽ സംഘർഷം സൃഷ്ടിക്കുകയും പരിസര പ്രദേശങ്ങളിലെ ജനങ്ങളിലാകെ ആശങ്ക ഉളവാക്കിയിരിക്കുകയുമാണ്.

അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, രാഷ്ട്രീയ അതിപ്രസരവും, യൂണിയനുകളുടെ അതിപ്രസരവുംമൂലം വ്യവസായത്തിന്റെ നട്ടെല്ല് തകർന്ന കേരളത്തിൽ വളരെ ഐശ്വര്യമായിട്ടാണ് ഇന്ന് ആളുകൾ ജീവിക്കുന്നത്. അതിനുകാരണം ഗൾഫിലും ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിലും ജോലി ചെയ്യുന്ന ലക്ഷോപലക്ഷം മലയാളികൾ നമ്മുടെ നാട്ടിലേയ്ക്ക് അയക്കുന്ന പതിനായിരക്കണക്കിന് കോടി രൂപയാണെന്നത് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും മറക്കരുത്. ഈ കുടിയേറ്റം ആരംഭിച്ചത് മദ്ധ്യതിരുവിതാംകൂറിൽ നിന്ന് തന്നെയാണ്. മദ്ധ്യതിരുവിതാംകൂറിൽ ജീവിക്കുന്ന ആളുകൾക്ക് വിമാനത്തിൽ യാത്ര ചെയ്യണമെങ്കിൽ എറണാകുളത്തെ ട്രാഫിക്ക് മറികടന്ന് വേണം എത്താൻ. എത്രയോ പ്രാവശ്യം എന്റെ വിമാനം നഷ്ടപ്പെട്ടിട്ടുണ്ട്. ഞങ്ങൾക്ക് എറണാകുളത്തെ നെടുമ്പാശ്ശേരിയിൽ ചെല്ലാൻ നാല് മണിക്കൂർ എടുക്കും. തിരുവനന്തപുരത്ത് വരണമെങ്കിൽ 3 മണിക്കൂർ എടുക്കും. അതുകൊണ്ട് ആറന്മുളയിൽ ഒരു വിമാനത്താവളം വരുന്നതിനോട് എന്റെ പാർട്ടിയോ പ്രതിപക്ഷമോ എതിരാണെന്ന് ഞാൻ വിചാരിക്കുന്നില്ല. എതിരാണെന്ന് നിങ്ങൾ പറയരുത്. എതിരല്ലാത്തതുകൊണ്ടാണല്ലോ ബഹുമാനപ്പെട്ട. വി. എസ്. അച്ചുതാനന്ദൻ നേരത്തെ നിങ്ങൾ പറഞ്ഞതുപോലെ അന്ന് അതിനുള്ള പെർമിഷൻ നൽകിയത്. പക്ഷേ ഇപ്പോൾ ആവശ്യമില്ലാതെ ചിലയാളുകൾ - സുഗതകുമാരി, പരിസ്ഥിതിവാദികൾ, ശ്രീ. വി. എം. സുധീരനെപ്പോലുള്ള ഹാഫ് പരി

സ്ഥിതി വാദികൾ - ഇവരുടെയൊക്കെ ബഹളം കൊണ്ടായിരിക്കും പുനർ ചിന്തിക്കണമെന്ന് പറയുന്നത്. പക്ഷേ ആ അഭിപ്രായത്തോട് എനിക്ക് യോജിക്കുവാൻ കഴിയുന്നില്ല. കുട്ടനാട്ടിൽ മാത്രം 8500 പേർ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. ഞങ്ങൾക്ക് നെടുമ്പാശ്ശേരിയിൽ എത്തണമെങ്കിൽ നാല് മണിക്കൂർ വേണം, ആറന്മുളയിൽ എത്തണമെങ്കിൽ അര മണിക്കൂർ മതി. അതുകൊണ്ട് അതിനോട് യോജിക്കാം. എന്നാൽ ഇതിന്റെ മറവിൽ മറ്റ് വ്യവസായ താൽപര്യങ്ങൾ വച്ചുകൊണ്ട് മറ്റാരും കാശുണ്ടാക്കാൻ ആരെയും അനുവദിക്കരുത്. ബഹുമാനപ്പെട്ട അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന കാലത്ത് അങ്ങനെ നടക്കുമെന്നൊന്നും വിചാരിക്കുന്നില്ല, അങ്ങയെ വിശ്വാസമുണ്ട്. വിമാനത്താവളത്തിന്റെ മറവിൽ മറ്റൊന്നും നടക്കരുത്. ഫൈവ് സ്റ്റാർ ഹോട്ടലും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലും വരുന്നതിനൊന്നും വിരോധമില്ല. പക്ഷേ, അത് വിമാനത്താവളത്തിന്റെ പേരിൽ അക്വയർ ചെയ്ത സ്ഥലത്ത് വേണ്ട, വേറെ സ്വകാര്യ സ്ഥലങ്ങൾ അപ്പുറത്തും ഇപ്പുറത്തുമൊക്കെ വാങ്ങാൻ കിട്ടും. ഇതിന്റെ പേരിൽ പാവപ്പെട്ടവന് കൊടുക്കാനുള്ള ഒരിഞ്ച് ഭൂമി പോലും നഷ്ടപ്പെടാൻ പാടില്ല. അക്കാര്യത്തിൽ ഉറപ്പുതരണം. ഈ വിഷയം ചർച്ചചെയ്തിരുന്നുവെങ്കിൽ കൂടുതൽ വിവരങ്ങൾ പറയുവാൻ കഴിയുമായിരുന്നു. അത് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടി സഭവിട്ട് പുറത്തുപോയി)